**RESTAURARE OMNIA IN CHRISTO**

*Irinjalakuda Diocesan Bulletin*

*P. B. No. 59, Irinjalakuda-680 121*

*Ph: 2826830, 2826820*

പുസ്തകം : 31. 2010 ഫെബ്രുവരി ലക്കം : 2

# ഉള്ളടക്കം


| | | |
|---|---|---|
| 1. | ഇടയശബ്ദം | 02 |
| 2. | കച്ചേരിക്കാര്യങ്ങൾ | 05 |
| 3 | സർക്കുലർ | 15 |
| 4 | വിജ്ഞാപനം | 17 |
| 5 | ആഹ്വാനം | 19 |
| 6 | ഇടയലേഖനം | 20 |
| 7 | തിരുബാലസഖ്യദിനം - സർക്കുലർ | 26 |
| 8 | ലോകരോഗീദിന സന്ദേശം | 30 |
| 9 | ചെന്നൈ മിഷൻ | 34 |
| 10 | സ്പിരിച്വാലിറ്റി സെന്റർ | 35 |
| 11 | സാൻജോസദൻ | 35 |
| 12 | സെന്റ് പോൾസ് മൈനർ സെമിനാരി | 36 |
| 13 | കാനൻ നിയമവും അജപാലനശുശ്രൂഷയും | 37 |
| 14 | മതബോധനം | 39 |
| 15 | സംഘടനാവാർത്തകൾ | |
| | അവാർഡ് | 41 |
| | സി.എൽ.സി | 42 |
| | മാതൃസംഘം | 43 |
| | വനിതാ കമ്മീഷൻ | 43 |
| | പൊന്തിഫിക്കൽ സെമിനാരി | 44 |
| | ഫാമിലി അപ്പസ്തോലേറ്റ് | 45 |
| | നവചൈതന്യ | 45 |
| | കരിസ്മാറ്റിക് റിന്യൂവൽ | 46 |
| | സോഷ്യൽ ആക്ഷൻ | 47 |
| | പ്രത്യാശ | 47 |
| | PACS | 48 |
| 16 | ഇടയന്റെ ഇന്നലെകൾ | 48 |

# ഇടയശബ്ദം



## AMDG

### സീറോമലബാർ സഭ ഇനിയും വളരുന്നു.

2010 ജനുവരി 18-ാംനു നമ്മുടെ സീറോമലബാർ സഭയ്ക്കു രണ്ടുപുതിയ രൂപതകളും, ആറു പുതിയ മെത്രാന്മാരേയും ലഭിക്കുന്നതായി പരസ്യപ്പെടുത്തിയല്ലോ. ഇരിങ്ങാലക്കുട, താമരശ്ശേരി എന്നീ രൂപതകളിലെ പിതാക്കന്മാർ ക്രമേണ വിരമിക്കുന്നുവെന്നും, പകരം റവ. ഡോ. പോളി കണ്ണൂക്കാടൻ (സീനിയർ) റവ. ഡോ. റമീജിയൂസ് ഇഞ്ചനാനിയിൽ എന്നിവർ ഇടയന്മാരായി അഭിഷിക്തരാകും എന്നും അറിഞ്ഞുവല്ലോ. പുതിയ രൂപതകളായ രാമനാഥപുരത്തിന് റവ. ഡോ. പോൾ ആലപ്പാട്ടും മാണ്ട്യ രൂപതയ്ക്കു മോൺ. ജോർജ്ജ് ഞറളക്കാട്ടും നിയമിതരായിരിക്കുകയാണ്. തൃശ്ശൂർ അതിരൂപതയ്ക്കു സഹായമെത്രാനായി മോൺ. റാഫേൽ തട്ടിലും മേജർ ആർച്ച്ബിഷപ്പിനെ സഹായിക്കുന്നതിനും സഭയുടെ കാര്യാലയക്കാര്യങ്ങൾ സുഗമമായും സഫലമായും കൊണ്ടുപോകുന്നതിനുള്ള ക്യൂരിയ ബിഷപ്പായി മോൺ. ഡോ. ബോസ്കോ പൂത്തൂരും നിയമിതരായിരിക്കുന്നു. ഈ പുതിയ പിതാക്കന്മാർ ഈസ്റ്ററിനുശേഷം അഭിഷിക്തരാകുന്നതും തങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതുമായിരിക്കും. അനുഗ്രഹാശിസ്സുകളും ഭാവുകങ്ങളും ഏവർക്കും പ്രാർത്ഥനാപൂർവ്വം നേരുന്നു.

നമ്മുടെ സഭയുടെ സ്ഥാപകനും പിതാവും, യേശുവിന്റെ അരുമശിഷ്യനും ഭാരത അപ്പസ്തോലനുമായ മാർ തോമാശ്ലീഹായാണ്. ശ്ലീഹായുടെ പ്രേഷിതപ്രവർത്തനം ഏ.ഡി. 52-ൽ നമ്മുടെ രൂപതാതിർത്തിയിൽപ്പെട്ട കൊടുങ്ങല്ലൂർ ആരംഭിച്ചു. ഏ.ഡി. 72-ൽ മൈലാപ്പൂരിലെ രക്തസാക്ഷിത്വത്തിലൂടെ ശ്ലീഹായുടെ സുവിശേഷവേല അവസാനിക്കുകയും ചെയ്തു. നമ്മുടെ സഭ പ്രശ്നങ്ങൾ പലതും അഭിമുഖീകരിച്ചുവെങ്കിലും നല്ല പ്രവർത്തനങ്ങളുമായി മുന്നോട്ടു പോയി.

1597-ൽ സ്വന്തം റീത്തിൽപ്പെട്ട മാർ അബ്രാഹം മെത്രാപ്പോലീത്ത മരിച്ചപ്പോൾ അന്ന് ഭദ്രാസനമായിരുന്ന അങ്കമാലിയിൽ സംസ്കരിക്കപ്പെട്ടു. പുതിയ മെത്രാനെ ലഭിക്കാൻ കാത്തിരിക്കെ ഗോവ മെത്രാപ്പോലീത്ത ഡോ. അലെക്സിസ് മെനേസിസ് 1599-ൽ "ഉദയംപേരൂർ സൂനഹദോസ്" വിളിച്ചുകൂട്ടുകയും നമ്മുടെ സഭയിൽ നിർബന്ധിത ലത്തീ

നീകരണം ആരംഭിക്കുകയും ചെയ്തു. പോർട്ടുഗീസ് രാഷ്ട്രീയ സ്വാധീനവും നമ്മുടെ സഭയെ തകർക്കാൻ ഇടവരുത്തിയിട്ടുണ്ട്. തുടർന്ന് 1600-ൽ ലത്തീൻ ബിഷപ്പിന്റെ കീഴിലും പാദ്രുവാദോ ഭരണത്തിലും നമ്മുടെ പൗരസ്ത്യസഭയെ കൊണ്ടുവന്നു. ഇന്ത്യമുഴുവനുമുണ്ടായിരുന്ന സഭയുടെ അധികാരാവകാശങ്ങൾ 1610 പമ്പാനദിക്കും ഭാരതപ്പുഴക്കുമിടയിലാക്കി പരിമിതപ്പെടുത്തി. എന്തൊരനീതി! 1653-ലെ കൂനൻകുരിശുസത്യവും ക്രമേണ അനധികൃതമായി പുതിയ പിതാവിനെ വാഴിക്കലും നടന്നു. സഭ "പഴയകൂറ്റുകാർ", "പുത്തൻകൂറ്റുകാർ" എന്നിങ്ങനെ രണ്ടായി തീർന്നു. സഭയിൽ സ്വന്തം റീത്തിൽപ്പെട്ട പിതാക്കന്മാരെ ലഭിക്കാനും പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായി കൊണ്ടുപോകുന്നതിനും പരിശ്രമങ്ങൾ പലതും നടന്നു. സത്യസഭയോട് ചേർന്നിരുന്നവരും ശീശ്മയിൽപ്പെട്ടവരും പാഷണ്ഡതകളിൽ കുടുങ്ങിയവരും മാർതോമാ ക്രിസ്ത്യാനികളുടെ ഇടയിൽ വന്നുചേർന്നു. തെറ്റിപ്പോയവരെ സത്യസഭയിലേക്ക് തിരിച്ചുകൊണ്ടുവരുന്നതിനും, സ്വന്തം റീത്തിൽപ്പെട്ടവരും നാട്ടുകാരുമായ മെത്രാന്മാരെ ലഭിക്കാനും ശ്രമങ്ങൾ ശക്തമായി നടത്തിയിരുന്നു. സമയമെടുത്തു പരിശ്രമം ഫലസിദ്ധികാണുവാൻ.

1887-ൽ ലെയോ 13-ാമൻ മാർപാപ്പ തൃശ്ശൂർ, കോട്ടയം എന്നീ രണ്ടുവികാരിയാത്തുകൾ കത്തോലിക്കരായ മാർതോമാ ക്രൈസ്തവർക്ക് അനുവദിച്ചുനല്കി. 1896-ൽ തൃശ്ശൂർ, എറണാകുളം, ചങ്ങനാശ്ശേരി എന്നിങ്ങനെ പുനർവിഭജിച്ചു. 1923-ൽ എറണാകുളത്തെ അതിരൂപതയാക്കി, ഹയരാർക്കിയും അനുവദിച്ചുകിട്ടി. സ്വന്തം റീത്തിൽപ്പെട്ട നാട്ടുമെത്രാന്മാരെ കിട്ടിയതോടെ സഭയുടെ ശക്തിയും ഓജസ്സും ഏറെ വർദ്ധിച്ചു. 1955-ൽ സീറോമലബാർ സഭയുടെ ഭരണസീമ 12-ാം പിയൂസ് മാർപ്പാപ്പ കുറച്ചുകൂടി നീട്ടിത്തന്നു. ഭാഗ്യവശാൽ കേരളത്തിന് പുറത്തും ചില രൂപതകൾ ക്രമേണ ഉടലെടുത്തു. 1992-ൽ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി നമ്മുടെ സഭ അംഗീകരിക്കപ്പെട്ടു. മേജർ ആർച്ച്ബിഷപ്പും സിനഡ് സംവിധാനവും ഉണ്ടായി. ഇപ്പോൾ നമ്മുടെ സഭയ്ക്ക് 29 രൂപതകളായി. പൗരസ്ത്യസഭകളിൽ ഏറ്റവും സജീവവും ദൈവവിളികളാൽ സമൃദ്ധവുമാണ് നമ്മുടെ സഭ.

സഭ സ്വയമേവ പ്രേഷിതയാണ്. ഈ സഭയുടെ പൈതൃകവും പാരമ്പര്യവും ജീവിക്കേണ്ട പലരും കേരളത്തിന് പുറത്തും ഇന്ത്യക്ക് പുറത്തും അധിവസിക്കുന്നു, പ്രവർത്തിക്കുന്നു. സാർവ്വത്രികസഭയുടെ പ്രബോധനങ്ങളും, കൗൺസിൽ ഡിക്രികളും, സഭാപിതാക്കന്മാരുടെ നിർദ്ദേശങ്ങളും കാനൻ നിയമങ്ങളും നമ്മുടെ വിശ്വാസികളുടെ അജപാലനശുശ്രൂഷ സ്വന്തം റീത്തിൽ നടത്തിക്കിട്ടാൻ ശുപാർശ ചെയ്യുന്നു.

പക്ഷേ ഇനിയും നഷ്ടപ്പെട്ട സ്വാതന്ത്ര്യവും പ്രവർത്തനാധികാരവും നമ്മുടെ സഭയ്ക്ക് ലഭിക്കുന്നില്ലായെന്നത് തീർച്ചയായും അനീതി തന്നെ.

മദ്രാസ്, ബാംഗ്ലൂർ, ഡെൽഹി തുടങ്ങിയ വൻനഗരങ്ങളിൽ എത്രയോ മുമ്പേ നമ്മുടെ സഭയ്ക്കു രൂപതകൾ അനുവദിച്ചുതരേണ്ട തായിരുന്നു. അപ്പസ്തോലിക് വിസിറ്റേഴ്സ് ആയ ആർച്ച് ബിഷപ്പ് പടിയറയും ഗ്രേഷ്യൻ പിതാവും ഇക്കാര്യം സംക്ഷിപ്തമായി രേഖപ്പെടുത്തിയിട്ടുണ്ട്. നിവേദനങ്ങൾ പലതും നല്കിയിട്ടും കാര്യങ്ങൾ നടക്കുന്നില്ല. 1983-ൽ മദ്രാസ്- മൈലാപ്പൂർ അതിരൂപതയിൽ സീറോമലബാർ സഭാവിശ്വാസികൾക്കുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നമ്മുടെ രൂപതയുടെ ആഭിമുഖ്യത്തിൽ അധികാരികൾ ആവശ്യപ്പെട്ടിട്ട് ആരംഭിച്ചതാണ്. എന്നിട്ടും ചെന്നൈ മിഷനെ രൂപതയാക്കിയില്ലായെന്നത് ഖേദകരം തന്നെ.

ഏതായാലും നമ്മുടെ സഭയ്ക്ക് ഇപ്പോൾ പുതിയ രണ്ടുരൂപതകളും ആറു മെത്രാന്മാരും ഉണ്ടാകുന്നുവെന്നത് അനുഗ്രഹദായകം തന്നെ. അതേ, സീറോ മലബാർ സഭ വളർന്നുകൊണ്ടിരിക്കുന്നു. ഇനിയും ഏറെ ശക്തിയോടെ വളരണം. ഇന്ത്യയിൽ പ്രേഷിതപ്രവർത്തനം ശരിയായി നടക്കണം. സ്വന്തം റീത്തിൽപ്പെട്ടവർക്ക് അജപാലനശുശ്രൂഷയ്ക്ക് അധികാരവും സ്വാതന്ത്ര്യവും ഉണ്ടാകണം. ആയതിന് വേണ്ടി പ്രാർത്ഥിക്കാം; പരിശ്രമിക്കാം. സങ്കീർണ്ണങ്ങളായ പ്രശ്നങ്ങളുടെ മദ്ധ്യത്തിലും ദൈവം നമ്മുടെ സഭയെ എങ്ങനെ അത്ഭുതകരമായി പരിരക്ഷിക്കുന്നുവെന്നത് പഠനവിഷയമാകട്ടെ.

ഇരിങ്ങാലക്കുട **മാർ ജെയിംസ് പഴയാറ്റിൽ**
26. 12. 2009 ഇരിങ്ങാലക്കുട രൂപത മെത്രാൻ

## സെക്കുലർ ഫ്രാൻസിസ്ക്കൻ ഓർഡർ

**ഏകദിന നോമ്പുകാല വിശുദ്ധീകരണധ്യാനം:** ഫ്രാൻസിസ്ക്കൻ അല്മായസഭയുടെ നേതൃത്വത്തിൽ 2010 ഫെബ്രുവരി 25-ാം തിയ്യതി എലിഞ്ഞിപ്ര സെന്റ് ഫ്രാൻസീസ് അസ്സീസി ദേവാലയത്തിൽ വച്ച് ഏകദിന നോമ്പുകാലവിശുദ്ധീകരണധ്യാനം നടത്തുന്നു. എല്ലാ ഭ്രാതൃത്വ അംഗങ്ങളും പങ്കെടുക്കുന്ന ഈ ധ്യാനം നയിക്കുന്നത് ബഹു. ജോസ് മുണ്ടാടൻ OFM Cap. (ഗാഗുൽത്ത ധ്യാനകേന്ദ്രം, തലക്കോട്ടുകര) അച്ചനാണ്. സമയം: രാവിലെ 9.30 മുതൽ 4.00 വരെ.

**ഫാ. ട്രീജോ ചക്കാലക്കൽ (OFM) Cap.**
ഡയറക്ടർ

## കച്ചേരികാര്യങ്ങൾ

### 1 വൈദികരുടെ നിയമനങ്ങൾ

(പ്രാബല്യത്തിൽ വരുന്ന തിയ്യതി: 28. 01. 2010.)

ഫാ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ - റെക്ടർ & വികാരി ഹോളി ക്രോസ് തീർത്ഥാടനകേന്ദ്രം & കപ്ളോൻ സെന്റ് സേവിയേഴ്സ് എഫ്.സി.സി. കോൺവെന്റ് മാപ്രാണം, രൂപതാഡയറക്ടർ കരിസ്മാറ്റിക് മൂവ്മെന്റ്.

ഫാ. തോമസ് പുതുശ്ശേരി - വികാരി, ലൂർദ്ദ് നഗർ എലിഞ്ഞിപ്ര, കപ്ളോൻ ലേഡി ലൂർദ്ദ് കോൺവെന്റ് എലിഞ്ഞിപ്ര, രൂപതാ ഡയറക്ടർ, വനിതാ കമ്മീഷൻ

ഫാ. റാഫേൽ മൂലൻ - വികാരി, വല്ലപ്പാടി & കപ്ളോൻ ഒർസോല കോൺവെന്റ്.

ഫാ. വർഗ്ഗീസ് ചാലിശ്ശേരി - വികാരി, കൊടകര ഫൊറോന & കപ്ളോൻ ഡോൺ ബോസ്കോ കോൺവെന്റ്, ഹോളി ഫാമിലി കോൺവെന്റ്

ഫാ. തോമസ് കൂട്ടാല - വികാരി, കല്ലൂർ & കപ്ളോൻ റൊസാരിയൊ കോൺവെന്റ്

ഫാ. ജീജോ തുണ്ടത്തിൽ - വികാരി, വെള്ളാനി & കപ്ളോൻ സെന്റ് ഡൊമിനിക്സ് കോൺവെന്റ്

ഫാ. ജോമി തോട്ട്യാൻ - വികാരി, വെള്ളിക്കുളങ്ങര

ഫാ. തോമസ് ആലൂക്ക - വികാരി, ആളൂർ & കപ്ളോൻ സെന്റ് ഫ്രാൻസീസ് സേവിയർ കോൺവെന്റ്, സെ. ജോസഫ്സ് കോൺവെന്റ്.

ഫാ. വർഗ്ഗീസ് പാലത്തിങ്കൽ- റെക്ടർ, സെന്റ് പോൾസ് മൈനർ സെമിനാരി & വൊക്കേഷൻ പ്രൊമോട്ടർ.

ഫാ. പോൾ സി. അമ്പൂക്കൻ- വികാരി, തുമ്പൂർ & കപ്ളോൻ സേക്രഡ് ഹാർട്ട് കോൺവെന്റ്.

ഫാ. ജോസ് കാവുങ്കൽ - വികാരി, കൽപറമ്പ് ഫൊറോന & കപ്ളോൻ ഹോളിക്രോസ്

ഫാ. വർഗ്ഗീസ് പാത്താടൻ – വികാരി, കുറ്റിക്കാട് ഫൊറോന & കപ്ളോൻ ജീവധാര കോൺവെന്റ്, സേക്രഡ് ഹാർട്ട് കോൺവെന്റ്, കരുണാലയം.

മോൺ. വിൻസന്റ് ആലപ്പാട്ട് – പ്രോട്ടോസിൻചെല്ലൂസ് & ഡയറക്ടർ ശാന്തി സദൻ ഇരിങ്ങാലക്കുട.

ഫാ. സീജോ ഇരിമ്പൻ – ഡയറക്ടർ, ബാലഭവൻ & വിയാനി ഹോം, അഷ്ടമിച്ചിറ.

ഫാ. ബിനോയ് പൊഴോലിപറമ്പിൽ – വികാരി കുതിരത്തടം, രൂപതാ ഡയറക്ടർ ജീസസ്സ് യൂത്ത്, യൂത്ത് സെന്റർ BLM.

ഫാ. ആൻഡ്രൂസ് ചെതലൻ – വികാരി പുത്തൻചിറ ഈസ്റ്റ്, ഡയറക്ടർ & കപ്ളോൻ സ്വീറ്റ് ഹോം പുത്തൻചിറ ഈസ്റ്റ്.

ഫാ. വർഗ്ഗീസ് തെറ്റയിൽ – വികാരി, വെണ്ണൂർ.

ഫാ. വിൻസന്റ് ചാലിശ്ശേരി – വികാരി, കടുപ്പശ്ശേരി & കപ്ളോൻ ക്രിസ്തുദാസി കോൺവെന്റ് കടുപ്പശ്ശേരി .

ഫാ. ജോസ് പഴയാറ്റിൽ – വികാരി, മൂന്നുമുറി & കപ്ളോൻ സെന്റ് ആന്റണീസ് കോൺവെന്റ് CSM, ശാന്തി ഭവൻ കോൺവെന്റ് FHGS.

ഫാ. ജോസ് വിതമറ്റിൽ – വികാരി, തുറവൻകുന്ന് & കപ്ളോൻ ചാരിറ്റി കോൺവെന്റ്.

ഫാ. ജെയ്സൺ കരിപ്പായി – വികാരി, ആളൂർ വെസ്റ്റ് (റെസിഡൻസ് ആളൂർ വെസ്റ്റ്) & കപ്ളോൻ FSMA കോൺവെന്റ് & CSC ലൂർദ്ദ് കോൺവെന്റ്.

ഫാ. വർഗ്ഗീസ് കോന്തുരുത്തി – നോട്ടിൻഹാം രൂപത-യു.കെ.

ഫാ. ആൻഡ്രൂസ് മാളിയേക്കൽ – വികാരി, പാദുവാനഗർ & പടിയൂർ, അസി. ഡയറക്ടർ ജസ്റ്റിസ് ഫോറം, പ്രത്യാശ

ഫാ. ജോജോ തൊടുപറമ്പിൽ– അസ്സോസിയേറ്റ് ഡയറക്ടർ, സെന്റ് ജെയിംസ് ഹോസ്പിറ്റൽ, മെഡിക്കൽ അക്കാദമി & സെന്റ് ജോസഫ്സ് ഭവൻ, ചാലക്കുടി

ഫാ. ആന്റണി മുക്കാട്ടുകരക്കാരൻ - വികാരി വാടച്ചിറ, കപ്ളോൻ വിമല കോൺവെന്റ് SABS, ഫസ്റ്റ് അസോസ്സിയേറ്റ് ഡയറക്ടർ, സോഷ്യൽ ആക്ഷൻ & സോഷ്യൽ ഫോറം.

ഫാ. ഡെൻസൺ നെരേപറമ്പിൽ - വികാരി, വടക്കുംകര & സ്പെഷ്യൽ കൺഫെസ്സർ സ്പിരിച്ച്വാലിറ്റി സെന്റർ, ഇരിങ്ങാലക്കുട.

ഫാ. ഷിബു നെല്ലിശ്ശേരി - നടത്തുവികാരി, മാരാംകോട്, മാരാംകോട് സൗത്ത് & കപ്ളോൻ ആസ്സര ഭവൻ FCC.

ഫാ. പോൾ എ. അമ്പൂക്കൻ - വികാരി, കാരൂർ & കപ്ളോൻ സെന്റ് അഗസ്റ്റിൻ കോൺവെന്റ് FCC.

ഫാ. പോൾ ചെറുവത്തൂർ - വികാരി, പുളിങ്കര & കപ്ളോൻ FCC സെ. അൽഫോൻസാ കോൺവെന്റ്.

ഫാ. ബെന്നി കരുമാലിക്കൽ - വികാരി, കാൽവരിക്കുന്ന്, കപ്ളോൻ ഫ്രാൻസിസ്ക്കൻ ബ്രദേഴ്സ് & ഡയറക്ടർ നവ ചൈതന്യ(റെസിഡൻസ്-നവചൈതന്യ)

ഫാ. ജോസ് മഞ്ഞളി - വികാരി, അമ്പഴക്കാട് ഫൊറോന & കപ്ളോൻ Aged Home, Retirement Home പുളിയിലക്കുന്ന്, CSS സാൻതോം കോൺവെന്റ്.

ഫാ. ആന്റോ തച്ചിൽ - വികാരി, കല്ലേറ്റുംകര & കപ്ളോൻ ഹോളി ക്രോസ് സിസ്റ്റേഴ്സ്, CHF പാവനാത്മ പ്രൊവിൻഷ്യൽ ഹൗസ്.

ഫാ. തോമസ് പഞ്ഞിക്കാരൻ - വികാരി, പേരാമ്പ്ര & കപ്ളോൻ C H F ഹോളിഫാമിലി കോൺവെന്റ്, ലിയോബ ഭവൻ.

ഫാ. ജോൺ കവലക്കാട്ട് സീനിയർ- വികാരി, അരിപ്പാലം.

ഫാ. ജെയിംസ് കവലക്കാട്ട് - വികാരി, നെല്ലായി & കപ്ളോൻ നിർമ്മല കോൺവെന്റ്.

ഫാ. ആന്റണി പുതുശ്ശേരി - വികാരി, വെള്ളാഞ്ചിറ & കപ്ളോൻ സെ. കാതറിൻ ലബോർ കോൺവെന്റ് DC.

ഫാ. ലിജോ കളപറമ്പത്ത് - വികാരി, വല്ലക്കുന്ന്, കപ്ളോൻ പൗളാലയം വല്ലക്കുന്ന്, പാക്സ് പ്രൊക്കുറേറ്റർ (റെസിഡൻസ് പാക്സ്)

ഫാ. തോമസ് കണ്ണമ്പിള്ളി - നടത്തുവികാരി , കുഴൂർ & കപ്ളോൻ ശാന്തിനിലയം SD കോൺവെന്റ് .

ഫാ. ഷാജി തെക്കേക്കര - വികാരി മുനിപ്പാറ & കപ്ളോൻ ഹോളി ഫാമിലി കോൺവെന്റ്, എഫ്. സി.സി ശാന്തി ആശ്രമം, മാനേജർ കൊന്നക്കുഴി എസ്റ്റേറ്റ്, അസി. ഡയറക്ടർ കമ്മ്യൂണിക്കേഷൻ മീഡിയ.

ഫാ. പ്ലോജൻ കണ്ണമ്പുഴ - വികാരി, തുമ്പരശ്ശേരി & കപ്ളോൻ ഹോളിഫാമിലി കോൺവെന്റ്, മാനേജർ കൊന്നക്കുഴി എസ്റ്റേറ്റ് ഒഴിവായി.

ഫാ. പോളി പയ്യപ്പിള്ളി - വാറങ്കൽ രൂപതയിൽ സേവനം (w.e.f. 13.07. 2009)

ഫാ. ജോസഫ് തെക്കേത്തല - Birmingham Diocese U.S.A. (w.e.f. 07.12. 2009)

ഫാ. ആന്റോ ജി. ആലപ്പാട്ട് - Birmingham Diocese U.S.A. (w.e.f. 07.12.2009)

**ചെന്നൈ മിഷൻ:**

ഫാ. ജിനു വെണ്ണാട്ടുപറമ്പിൽ - ചെന്നൈ മിഷൻ

ഫാ. ടിജോ ആലപ്പാട്ട് - ചെന്നൈ മിഷൻ

**അസിസ്റ്റന്റ് വികാരിമാർ:**

ഫാ. ജിജോ ചക്യാത്ത് - പോട്ട, അസിസ്റ്റന്റ് പ്രൊമോട്ടർ സി. എൽ. സി..

ഫാ. ജെയിംസ് പള്ളിപ്പാട്ട് - പടി. ചാലക്കുടി.

ഫാ. ജോയ് മേനോത്ത് - പറപ്പൂക്കര ഫൊറോന.

ഫാ. വിനീഷ് വട്ടോലി - പരിയാരം.

ഫാ. സിബിൻ കോട്ടയ്ക്കൽ - കൊടകര ഫൊറോന.

ഫാ. ലിജോ മഞ്ഞപ്രക്കാരൻ - അമ്പഴക്കാട് ഫൊറോന..

ഫാ. സിന്റോ ആലപ്പാട്ട് - താഴേക്കാട്.

ഫാ. ജോസഫ് മണ്ടകത്ത് - മൂന്നുമുറി.

ഫാ. ഷാബു പുത്തൂർ - ആളൂർ.

ഫാ. നിജോ പള്ളായി - ചാലക്കുടി ഫൊറോന $2^{nd.}$

ഫാ. ബിനോയ് നെരേപറമ്പിൽ - കുറ്റിക്കാട് ഫൊറോന.

ഫാ. വിൽസൺ പെരേപ്പാടൻ - മാള ഫൊറോന $2^{nd.}$

ഫാ. അനീഷ് പെല്ലിശ്ശേരി - ഇരിങ്ങാലക്കുട കത്തീഡ്രൽ $2^{nd.}$

ഫാ. ഫെബി പുളിക്കൻ - പേരാമ്പ്ര.

**മറ്റു മാറ്റങ്ങൾ:**

ഫാ. ജോബി പൊഴോലിപറമ്പിൽ - കപ്ലോൻ, ഹോളി ഫാമിലി കോൺവെന്റ്സ് ഇരിങ്ങാലക്കുട.

ഫാ. ലിന്റോ കുറ്റിക്കാടൻ - നോട്ടറി, എപ്പാർക്കിയൽ ട്രിബ്യൂണൽ, പ്രോജക്ട് ഓഫീസർ, ഓഫീസ് സെക്രട്ടറി, ഡയറക്ടർ സി.എൽ.എ & കപ്ലോൻ ഡയബറ്റിക് സെന്റർ, മരിയ ഭവൻ .

ഫാ. റിജോയ് പഴയാറ്റിൽ - വൈസ് റെക്ടർ, സെന്റ് പോൾസ് മൈനർ സെമിനാരി, രൂപതാ ഡയറക്ടർ അൾത്താരസംഘം, അസിസ്റ്റന്റ് വൊക്കേഷൻ പ്രമോട്ടർ, ഇന്റേണൽ ഓഡിറ്റർ സി.എൽ.എ, സി.എം & സാക്രിസ്റ്റൻ ഫെല്ലോഷിപ്പ്.

ഫാ. തോംസൺ അറയ്ക്കൽ, - കപ്ലോൻ, സേക്രഡ് ഹാർട്ട് കോൺവെന്റ്, വിയാനിഭവൻ, കാരുണ്യ റിഹബിലിറ്റേഷൻ സെന്റർ, പുല്ലൂർ.

ഫാ. വർഗ്ഗീസ് ഒ. വാഴപ്പിള്ളി - കപ്ലോൻ, ബേത്സെയ്ദ ചേലൂർ (റസിഡൻസ് ബേത്സെയ്ദ).

ഫാ. ജോസഫ് കാനംകൂടം - രൂപതാ ഡയറക്ടർ, സാക്രിസ്റ്റ്യൻ ഫെല്ലോഷിപ്പ്.

ഫാ. ജോഷി പാല്യേക്കര - രൂപതാ ഡയറക്ടർ, ജസ്റ്റീസ് ഫോറം & പ്രത്യാശ.

ഫാ. ഡേവീസ് കളപ്പുരയ്ക്കൽ - രൂപതാ ഡയറക്ടർ, ലീജിയൻ ഓഫ് മേരി.

ഫാ. ജെയ്സൺ കുടിയിരിക്കൽ - രൂപതാ ഡയറക്ടർ, കാത്തലിക് മൂവ്മെന്റ്.

ഫാ. തോമസ് എളങ്കുന്നപ്പുഴ - രൂപതാ ഡയറക്ടർ, മാതൃസംഘം.

ഫാ. ക്ലമന്റ് ചിറയത്ത് - കപ്ലോൻ ഉദയ കോൺവെന്റ് ഇരിങ്ങാലക്കുട, ഡയറക്ടർ ഡയസിഷൻ ലിറ്റർജിക്കൽ കമ്മിറ്റി & മെമ്പർ, സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി.

ഫാ. സെബി കൊളങ്ങര - അസോസ്സിയേറ്റ് ഡയറക്ടർ, ഡയസിഷൻ ലിറ്റർജിക്കൽ കമ്മിറ്റി & മെമ്പർ, സെൻട്രൽ ലിറ്റർജിക്കൽ കമ്മിറ്റി.

| | | |
|---|---|---|
| ഫാ. ജിജി കുന്നേൽ | – | അസി.ഡയറക്ടർ, എവാഞ്ചലൈസേഷൻ & ബൈബിൾ അപ്പോസ്തലേറ്റ്. |
| ഫാ. ജിനോജ് കോലഞ്ചേരി | – | മെഡിക്കൽ ലീവ്, റസിഡൻസ് സെന്റ് ജോസഫ് ഭവൻ, ചാലക്കുടി. |

**Relieving Orders with effect from 28.01.2010**

| | | |
|---|---|---|
| Fr. Sebastian Panjikaran | - | Relieved from the office of Rector, St. Paul's Minor Seminary, Irinjalakuda and Director, Legion of Mary |
| Fr. Thomas Pudussery | - | Relieved from the office of Rector, Holy Cross Shrine, Mapranam |
| Fr. Jomy Thottiyan | - | Relieved Assistant Director Bible Apostolate |
| Fr. Varghese Palathingal | - | Relieved from the offices of Vicar, St. Joseph's Church, Aloor, Our Lady of Dolours Church, Kalvarikunnu and Chaplain, St. Francis Xavier Convent Aloor, Fransican Brothers, Kalvarikunnu. |
| Fr. Jos Kavunkal | - | Relieved from the office of Protosyncellus and Chaplain Diabetic Centre and Maria Bhavan Irinjalakuda |
| Msgr. Vincent Alappat | - | Relieved from the office of Chaplain of Holy Family Convents, Irinjalakuda |
| Fr. Seejo Irimpan | - | Relieved Vicar, Vadakkumkara |
| Fr. Binoy Pozholiparambil | - | Relieved from Director, Balabhavan, Vianney Home, Ashtamichira and Associate Director Social Action Forum |
| Fr. Varghese Thettayil | - | Relieved Director, Sweet Home Puthenchira East |
| Fr. Jojo Thoduparambil | - | Relieved from the offices of Vicar Paduva Nagar and Padiyur |

| | | |
|---|---|---|
| Fr. Antony Mukkattukarakaran | - | Relieved from the offices of Associate Director, St. James Hospital, Medical Academy and St. Joseph Bhavan, Chalakudy |
| Fr. Lijo Kalaparambath | - | Relieved from the offices of Assistant Director Mathrusangham and Women's Commission of the Diocese of Irinjalakuda |
| Fr. Thomas Kannampilly | - | Relieved from all the offices of Chennai Mission |
| Fr. Plogen Kannampuzha | - | Relieved from the office of Manager Konnakuzhy Estate |
| Fr. Jinu Vennattuparambil | - | Relieved Assistant Vicar, St. John Nepumcian's Forane Church, Parappukara |
| Fr. Tijo Alappatt | - | Relieved Assistant Vicar, OLPH Church, Chalakudy West and Assistant Promotor, CLC of the Diocese of Irinjalakuda |
| Fr. Jobby Pozholiparambil | - | Relieved from the offices of Director, CM and Santhi Sadan |
| Fr. Lindo Kuttikadan | - | Relieved from the offices of Vice Rector, St. Paul's Minor Seminary, Director, Altar Boys' Association and Vocation Promotor, Internal Auditor CLA, CM and Sacristan Fellowship |
| Fr. Rejoy Pazhayattil | - | Relieved Assistant Vicar, Kallettumkara |
| Fr. Varghese O. Vazhappilly | - | Relieved Chaplain Sweet Home Puthenchira East |
| Fr. Joseph Kanamkudam | - | Relieved Associate Director, CLA |
| Fr. Clement Chirayath | - | Relieved from the offices Chaplain, SH Convent, Vianney Bhavan, Karunya Rehabilitation centre, Pullur, Director CLA and Sacristan Fellowship |
| Fr. Dany Kokkadan CMI | - | Relieved from all the offices of Chennai Mission |

| | | |
|---|---|---|
| Fr. George Vezhaparambil | - | Relieved Director, Justice Forum and Prathyasa, Defender of Bond and Promoter of Justice |
| Fr. Anto Chungath | - | Relieved from the offices of Director Jesus Youth, Charismatic Movement, Director Youth centre. Chaplain, St. Joseph Convent, CHF. |
| Fr. Jose Irimpan | - | Relieved Judge, Eparchial, Tribunal |
| Fr. Joy Nellisery | - | Relieved Director, Mathrusangham and Women's Commission |
| Fr. Jose Aricatt | - | Relieved Vicar and Chaplain Vallakunnu |
| Fr. Sebastian Kalathiparambil | - | ofm conv. Relieved Vicar and Chaplain Thumboor |
| Fr. Paul Madassery OFM Cap. | - | Relieved Vicar Our Lady of Lourde's Church, Elinjpra |
| Fr. Raphael Ambadan | - | Relieved member, Central Liturgical Committee |
| Fr. Jose Muttathan MS | - | Relieved Vicar and Chaplain, Kuzhur |
| Fr. Sebastian Ambooken CMI | | Relieved Chaplain, Udaya Convent Irinjalakuda |
| Fr. Jinoj Kolenchery | - | Granted Medical Leave and Residence at St. Joseph's Bhavan, Chalakudy |

2. **വലിയ നോമ്പ്:** ഫെബ്രുവരി 14-ാം തിയ്യതി ഞായറാഴ്ച പാതിരാ മുതൽ നോമ്പ് ആരംഭിക്കുന്നു. ഫെബ്രുവരി 15-ാം തിയ്യതി മുതൽ ഉയിർപ്പു ഞായർ വരെ വിവാഹം മുടക്ക്. നോമ്പുകാലത്ത് വിവാഹ ത്തിന് അനുവാദം നൽകുന്നത് വിദേശത്തെ ജോലിസ്ഥലത്ത്നിന്ന് വന്നവരും വിവാഹം നടത്തി ഉയിർപ്പിന്മുമ്പ് തിരിച്ചുപോകുന്ന വർക്കും മാത്രമാണ്. ഇതിന് അനുവാദം നൽകേണ്ടത് വിവാഹം ആശീർവ്വദിക്കപ്പെടുന്ന സ്ഥലത്തെ രൂപതാദ്ധ്യക്ഷനാണ്.
3. **വൈദികക്ഷേമനിധി:** പള്ളികളിലും ഇതരസ്ഥാപനങ്ങളിലും സേവനമനുഷ്ഠിക്കുന്ന വൈദികരുടെ ഒരു മാസത്തെ അലവൻസിന് തുല്യമായ സംഖ്യ കൊടുക്കാത്തവർ എത്രയും വേഗം നല്കേണ്ട താണ്.
4. **മാസധ്യാനം:** ഫെബ്രുവരിയിൽ അതാത് ഫൊറോനകളിൽ വച്ചായിരിക്കും .

5. **Pastoral Council & Presbyterium:** രൂപത ഇയർ പ്ലാൻ അനുസരിച്ച് 2010, ഫെബ്രുവരി 13-ന് ആയിരുന്നു 11-ാം പാസ്റ്ററൽ കൗൺസിലിന്റെ 7-ാം സമ്മേളനം നടത്തുവാൻ തീരുമാനിച്ചിരുന്നത്. എന്നാൽ, ചില പ്രത്യേകകാരണങ്ങളാൽ പ്രസ്തുത സമ്മേളനം 2010 ഫെബ്രുവരി 12-ലേക്ക് സൗകര്യാർത്ഥം മാറ്റിവച്ചിരിക്കുന്ന വിവരം അറിയിക്കുന്നു. അന്നേ ദിവസം തന്നെ പ്രസ്ബിറ്റേറിയം ഉണ്ടായിരിക്കുന്നതാണ്. സമയം: 10 am

രൂപതാഭവനം
25. 01. 2010

**ഫാ. ജോസ് കാവുങ്കൽ**
വികാരി ജന
റാൾ




ഇക്കഴിഞ്ഞ അഞ്ചുവർഷക്കാലം നമ്മുടെ രൂപതയുടെ വികാരി ജനറാളായി സേവനമനുഷ്ഠിച്ച പെരിയ ബഹു. മോൺ. കാവുങ്കൽ ജോസച്ചന് രൂപതവൈദികഗണത്തിന്റെയും എല്ലാ ദൈവജനത്തിന്റെയും പേരിൽ ഹൃദയം നിറഞ്ഞ നന്ദി. ഏറ്റെടുക്കുവാൻ പോകുന്ന പുതിയ അജപാലനശുശ്രൂഷ ഏറ്റവും വിശ്വസ്തതയോടുകൂടെ നിറവേറ്റുവാൻ ദൈവം അനുഗ്രഹിക്കട്ടെ.




ഇരിങ്ങാലക്കുട രൂപതയുടെ വികാരി ജനറാളായി സ്ഥാനം ഏറ്റെടുത്തിരിക്കുന്ന പെരിയ ബഹു. മോൺ. ആലപ്പാട്ട് വിൻസന്റച്ചന് രൂപതാസമൂഹത്തിന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ!

## നവവൈദികർക്ക് രൂപതാ വൈദിക കൂട്ടായ്മയിലേക്ക് സ്വാഗതം!



Fr. Wilson Pereppadan



Fr. Binoy Paul Nareparambil





Fr. Nijo John Pallai



Fr. Anish Pellissery



Fr. Feby Pulicken

159/10
25/01/2010

# സർക്കുലർ

75 വയസ്സ് പൂർത്തിയാകുമ്പോൾ കൊടുക്കേണ്ടതായ എന്റെ രാജി (Resignation) പരി. പിതാവും നമ്മുടെ സഭയുടെ മേജർ ആർച്ചുബിഷപ്പും സ്വീകരിച്ചശേഷം ഇരിങ്ങാലക്കുട രൂപതയ്ക്കു രണ്ടാമത്തെ മെത്രാനായി (എന്റെ പിൻഗാമിയായി) റവ. ഡോ. പോളി കണ്ണൂക്കാടനെ (സീനിയർ) നിയമിച്ചതായി ഇക്കഴിഞ്ഞ 18–ാനു പരസ്യപ്പെടുത്തിയല്ലോ. കുഴിക്കാട്ടുശ്ശേരി സെന്റ് മേരീസ് ഇടവകാംഗമായ ബഹു. പോളിയച്ചൻ നമ്മുടെ രൂപതയിൽ പല തസ്തികകളിലും സ്തുത്യർഹമായ സേവനം കാഴ്ചവച്ചിട്ടുണ്ട്. സഭയുടെ ആസ്ഥാനമായ കാക്കനാട് മൗണ്ട് സെന്റ് തോമാസിൽ താമസിച്ച് L.R.C. യുടെ എക്സി. ഡയറക്ടറായും സഭയുടെ പല കമ്മീഷനുകളുമായി ബന്ധപ്പെട്ടും വിശിഷ്ടസേവനം ചെയ്തുകൊണ്ടിരിക്കുമ്പോഴാണ് നമ്മുടെ രൂപതയുടെ മെത്രാനായി അദ്ദേഹം നിയോഗിക്കപ്പെട്ടിരിക്കുക. റോമിൽ ഉപരിപഠനം നടത്തി ആരാധനാക്രമത്തിൽ ഡോക്ടറേറ്റ് എടുത്തിരിക്കുന്ന, പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള ഒരു മഹത്‌വ്യക്തിയെ, അനുയോജ്യനായ ഒരു പിതാവായി ലഭിച്ചതിൽ ദൈവത്തിന് നന്ദി പറയാം. സഭയുടെ ഉന്നതാധികാരികളോട് കൃതജ്ഞതയുള്ളവരാകാം. പുതിയ പിതാവിന് അഭിനന്ദനങ്ങൾ ഏകാം. നമ്മുടെ പ്രാർത്ഥനയും വിധേയത്വവും സഹകരണവും വാഗ്ദാനം ചെയ്യാം. നിയുക്ത മെത്രാനുവേണ്ടിയുള്ള പ്രാർത്ഥന അനുദിനം വി. ബലിക്കുശേഷം ചൊല്ലുവാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുക. പുതിയപിതാവിന്റെ മെത്രാഭിഷേകം ഇരിങ്ങാലക്കുട കത്തീഡ്രൽ അങ്കണത്തിൽ വച്ച് 2010 ഏപ്രിൽ 18, ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2.30–ന് ആയിരിക്കും. പല വിശിഷ്ടാതിഥികൾ സംബന്ധിക്കുന്നതായിരിക്കും. നമ്മുടെ രൂപതയിലെ എല്ലാ വൈദികരും സന്യസ്തരും വിശ്വാസികളും ഈ തിരുക്കർമ്മങ്ങളിൽ സംബന്ധിക്കണമെന്ന് താത്പര്യപ്പെടുന്നു.

1978 മുതൽ നമ്മുട രൂപതയുടെ പ്രഥമമെത്രാനായി ഞാൻ പ്രവർത്തിക്കുകയായിരുന്നുവല്ലോ. എന്റെ ഉത്തരവാദിത്വം നിറവേറ്റാൻ പുതിയ രൂപതയെ പടുത്തുയർത്താൻ, എത്രയോ വലിയ സഹകരണമാണ് നിങ്ങൾ ഏവരും കാഴ്ച വച്ചത്. കർത്താവിന്റെ കരങ്ങളിൽ ഒരു എളിയ ഉപകരണമായിരുന്നു ഞാൻ. നല്ലവനായ ദൈവം രൂപതാതിർത്തിയിലും ചെന്നൈ മിഷനിലും മറ്റും വലിയ കാര്യങ്ങൾ സാധിച്ച് തന്നിരിക്കുന്നു. ജോബിന്റെ പുസ്തകത്തിൽ വായിക്കുന്നതുപോലെ "ദൈവത്തിന് അസാദ്ധ്യമായി ഒന്നുമില്ല. അവിടുത്തെ ഉദ്ദേശ്യലക്ഷ്യങ്ങൾ നടക്കുക തന്നെ ചെയ്യും" (ജോബ് 42,1) കുറവുകൾ പരിഹരിക്കാനും എല്ലാം നേരെയാക്കാനും അവിടുന്ന് നമ്മെ അനുഗ്രഹിക്കട്ടെ.

പുതിയ പിതാവ് മെത്രാഭിഷേകം കഴിഞ്ഞ് രൂപതയുടെ ചാർജ്ജ് എടുക്കുന്നതുവരെ ഞാൻ തന്നെ നിങ്ങളുടെ മെത്രാനായി തുടരുന്നതാണ്. ഏവരുടെയും സ്നേഹത്തിനും സഹകരണത്തിനും പ്രാർത്ഥനയ്ക്കും ഹൃദയപൂർവ്വം നന്ദി പറഞ്ഞുകൊള്ളുന്നു. ഞാൻ ആർക്കും മനഃപൂർവ്വം പ്രയാസം വരുത്തിയിട്ടില്ലെന്ന് കരുതുന്നു. എന്തെങ്കിലും അപാകത വന്നിട്ടുണ്ടെങ്കിൽ ഞാൻ ആത്മാർത്ഥമായി മാപ്പ് ചോദിക്കുന്നു. നമ്മുടെ സഭയ്ക്ക് രണ്ട് പുതിയ രൂപതകളെയും ആറു പുതിയ മെത്രാന്മാരെയും ലഭിച്ചിരിക്കുന്നു. സഭയുടെ വളർച്ചയ്ക്കും രൂപതയുടെ പുരോഗതിക്കും മിഷന്റെ വളർച്ചയ്ക്കും ഇനിയും ആത്മാർത്ഥമായി സർവ്വവിധേനയും നമുക്ക് സഹകരിക്കാം.

ഇരിങ്ങാലക്കുട **മാർ ജെയിംസ് പഴയാറ്റിൽ**
18. 01. 2010 ഇരിങ്ങാലക്കുട രൂപത മെത്രാൻ

NB:- ഈ സർക്കുലർ ഫെബ്രുവരി 7-ാം തിയ്യതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. ✠ J.P.

**ഈ മാസം പിറന്നാളും തിരുന്നാളും ആഘോഷിക്കുന്ന വൈദികർ**

**Birth Days**

February 1
Rev. Fr. Feby Pulickan
February 2
Rev. Fr. Davis Pynadath
Rev. Fr. Thomas Velakkanadan
February 4
Rev. Fr. James Kavalakatt
Rev. Fr. Binoy Thomas Nereparambil
February 5
Rev. Fr. Benjamin Chirayath
Rev. Msgr. Jos Kavunkal
February 8
Rev. Fr. Manoj Karippai
February 9
Rev. Fr. John Kavalakatt (Jr.)
Rev. Fr. Joy Tharackal
February 13
Rev. Fr. Ajith Cheriakara
February 14
Rev. Msgr. Pauly Kannukadan Sr (Bishop Elect)
February 15
Rev. Fr. Rinto Kodiyan
February 18
Rev. Fr. Jose Maniparambil
February 19
Rev. Fr. Nixon Chakkorya
February 21
Rev. Fr. Roby Valappila
Rev. Fr. Sebastian Vazhappilly
February 24
Rev. Fr. Joseph V. Chittilappilly
February 26
Rev. Fr. John Thekkekara Melepuram
February 27
Rev. Fr. Sinto Chittilappilly
Rev. Fr. Anto Chungath

ഏവർക്കും ഹൃദ്യമായ മംഗളാശംസകൾ!

## വിജ്ഞാപനം

158/10 25/01/ 2010

### AMDG
### നോമ്പുകാലം

ഈ വർഷത്തെ നോമ്പുകാലം ഈ ഫെബ്രുവരി 14 പാതിരാമുതൽ ആരംഭിക്കുകയാണല്ലോ. പ്രാർത്ഥനയുടേയും ഉപവാസത്തിന്റെയും പശ്ചാത്താപത്തിന്റെയും ദാനധർമ്മത്തിന്റെയും മാർഗ്ഗത്തിലൂടെ ആത്മ വിശുദ്ധീകരണം പ്രാപിക്കുവാനായി പരിശ്രമിക്കാം.

ഈസ്റ്ററിനുള്ള ആത്മീയ ഒരുക്കത്തിന്റെ അവസരമാണ് നോമ്പുകാലം. പ്രവൃത്തികളെയും ലക്ഷ്യങ്ങളെയും ശുദ്ധീകരിച്ച് ആത്മപരിത്യാഗത്തിലൂടെ ക്രിസ്തുവിന്റെ പീഢാനുഭവമരണയാഥാർത്ഥ്യങ്ങളിൽ പങ്കുപറ്റി നാമും ക്രിസ്തുവിനോടുകൂടെ ഉയിർപ്പിക്കപ്പെടുമെന്നുള്ള പ്രത്യാശയോടെ മുന്നേറേണ്ട കാലഘട്ടമാണ് നോമ്പുകാലം. ഉന്നതമായ സൗധങ്ങൾക്കൊക്കെ ആഴമേറിയ അടിസ്ഥാനം ആവശ്യമാണ്. ഏറ്റവും സമുന്നതമായ ക്രിസ്തുവിന്റെ പീഢാനുഭവമരണ ഉത്ഥാനങ്ങളുടെ ആഘോഷത്തിനും ആഴമേറിയ ആത്മീയ ഒരുക്കം അനിവാര്യമാണ്. ഇസ്രായേൽജനം വാഗ്ദത്തഭൂമിയിലേക്ക് പ്രവേശിക്കാൻ 40 വർഷം ഒരുങ്ങി. യേശുനാഥൻ പരസ്യശുശ്രൂഷയ്ക്കായി 40 രാവും പകലും തപസ്സനുഷ്ഠിച്ചു. ക്രിസ്തുവിന്റെ സഹനത്തിലും ഉത്ഥാനത്തിന്റെ സന്തോഷത്തിലും ഗാഢമായ രീതിയിൽ നാം പങ്കുചേരണമെങ്കിൽ തീക്ഷ്ണമായി ഒരുങ്ങേണ്ടിയിരിക്കുന്നു. ഈ കാലഘട്ടത്തിൽ പ്രാർത്ഥനാജീവിതത്തെ നാം ഗൗരവപൂർവ്വം വീക്ഷിക്കേണ്ടിയിരിക്കുന്നു. ഏകാന്തതയിലെ ആഴങ്ങളിൽ തമ്പുരാനെ ദർശിക്കുവാനുള്ള ശ്രമകരമായ ദൗത്യ ത്തെ നോമ്പുകാലം ഓർമ്മപ്പെടുത്തുന്നു. വിശുദ്ധ കുർബ്ബാനയിലൂടെയും അനുരഞ്ജനകൂദാശയിലൂടെയും നമുക്ക് പ്രാർത്ഥനാനിർഭരമായി ഒരുങ്ങാം. ദൈവവചനം പഠിക്കുവാനും ധ്യാനിക്കുവാനും പ്രാവർത്തികമാക്കുവാനും പരിശ്രമിക്കാം. ക്രിസ്ത്യാനികളുടെ ശവക്കല്ലറയിൽ ഒരു സ്മാരകമായി രേഖപ്പെടുത്തേണ്ടതല്ല ദൈവവചനം, മറിച്ച് ജീവിക്കുന്ന വ്യക്തികളുടെ ഹൃദയഫലകങ്ങളിൽ എഴുതപ്പെടേണ്ടതാണ് ദൈവവചനം.

ദൈവവുമായിട്ടുള്ള സ്നേഹബന്ധത്തിന് കോട്ടം തട്ടിയിട്ടുണ്ടെങ്കിൽ അതിനെ വിളക്കിച്ചേർക്കേണ്ട രക്ഷാകരമായ അവസരമാണ് ഇത്. ക്രിസ്തുവിന്റെ സ്നേഹത്തിൽനിന്ന് നമ്മെ വേർപ്പെടുത്താൻ ഒരു ശക്തിക്കും സാധിക്കുകയില്ല എന്ന ഉറച്ച ബോദ്ധ്യം നമ്മെ നയിക്കട്ടെ. ഉപവാസത്തിന്റെ ഈ പുണ്യദിനങ്ങളിൽ ദാരിദ്ര്യം, രോഗം, പട്ടിണി, പ്രകൃതി ക്ഷോഭത്തിന്റെ കെടുതികൾ എന്നിവമൂലം വേദനിക്കുന്ന വ്യക്തി

കളെ നമുക്ക് കരുണയോടെ ഓർക്കാം. അവർക്ക് ആവശ്യകമായ സഹായഹസ്തം നീട്ടാം. നോമ്പുകാലം പ്രത്യേകമാംവിധം നമ്മുടെ വിശ്വാസപ്രഖ്യാപനം നവീകരിക്കപ്പെടേണ്ട കാലഘട്ടമാണ്. പൂർവ്വപിതാക്കന്മാരെ ഈജിപ്തിലെ അടിമത്തത്തിൽനിന്ന് മോചിപ്പിച്ച ദൈവം, തിന്മയുടെ അന്ധകാരശക്തിയിൽനിന്ന് വി. കുരിശിനാൽ നമ്മെ മോചിപ്പിച്ച് സ്വാതന്ത്ര്യം നല്കിയെന്ന യാഥാർത്ഥ്യം നമ്മെ അനുസ്മരിപ്പിക്കുന്ന വേളയാണ് ഇത്. "യേശുനാഥൻ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു". ഈ വിശ്വാസം നാം അനുദിനം ആത്മാർത്ഥതയോടെ ഏറ്റുപറയുന്നതോടൊപ്പം ഈ വചനം നല്കുന്ന പ്രത്യാശയിൽ നമ്മുടെ ജീവിതത്തെ കരുപിടിപ്പിക്കാം. ആർജ്ജവമേറിയ വിശ്വാസമില്ലെങ്കിൽ നമ്മുടെ പ്രായ്ശ്ചിത്തത്തിന് യാതൊരുവിധ അർത്ഥവുമില്ല. യഥാർത്ഥ വിശ്വാസം ഉയിർക്കൊള്ളേണ്ടത് ആഴമേറിയ ആത്മബോധത്തിൽനിന്നാണ്. പ്രാർത്ഥനയിലൂടെ യും പരിത്യാഗത്തിലൂടെയും പീഡാനുഭവധ്യാനങ്ങളിലുള്ള ആത്മാർത്ഥമായ പങ്കുപറ്റലിലൂടെയും നമുക്ക് ഇതിനായി പരിശ്രമിക്കാം. തപസ്സിന്റെ പുണ്യദിനങ്ങളിലേയ്ക്ക് നിങ്ങളേവരേയും സ്വാഗതം ചെയ്ത്കൊണ്ട്,

പ്രാർത്ഥനാശംസകളോടെ,

[redacted]

നിങ്ങളുടെ മെത്രാൻ

NB:- ഈ വിജ്ഞാപനം ഫെബ്രുവരി 7 -ാം തിയ്യതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. ✞ J.P.

## സാക്രിസ്റ്റ്യൻ ഫെല്ലോഷിപ്പ്, ഇരിങ്ങാലക്കുട

സ്നേഹ ബഹു. അച്ചാ/സുഹൃത്തേ,
സാക്രിസ്റ്റ്യൻ ഫെല്ലോഷിപ്പിൽ നിന്നും ആശംസകൾ!

**2010 ഫെബ്രുവരി 22, 23** ദേവാലയശുശ്രൂഷികളുടെ വാർഷികധ്യാനം **കല്ലേറ്റുംകര പാക്സിൽ** വച്ച് നടത്തപ്പെടുന്നു. എല്ലാ ദേവാലയശുശ്രൂഷികളും നിർബന്ധമായും ഈ വാർഷികധ്യാനത്തിൽ പങ്കെടുക്കേണ്ടതാണ്. വികാരിയച്ചന്മാർ ദേവാലയശുശ്രൂഷികളെ ധ്യാനത്തിൽ സംബന്ധിക്കുവാൻ പറഞ്ഞുവിടണം. അതിനുവേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**ഫാ. ജോസഫ് കാനംകൂടം**
ഡയറക്ടർ

161/10
26/01/2010

# ആഹ്വാനം

ലോകത്തിലുണ്ടായ ഏറ്റവും വലിയ ദുരന്തമായ ഹെയ്ത്തി ഭൂകമ്പത്തെക്കുറിച്ച് നാം മാധ്യമങ്ങളിലൂടെ അറിഞ്ഞതാണല്ലോ. കരീബിയൻ ദ്വീപ് രാഷ്ട്രമായ ഹെയ്ത്തിയിൽ ഏകദേശം രണ്ട് ലക്ഷത്തോളം പേർ മരണമടയുകയും ലക്ഷക്കണക്കിനാളുകൾക്ക് പരിക്ക് പറ്റുകയും അതിലേറെ ജനങ്ങൾക്ക് ഭവനങ്ങൾ നഷ്ടമാവുകയും ചെയ്തിട്ടിട്ടുണ്ട് എന്നാണ് ഔദ്യോഗിക കണക്കുകൾ സൂചിപ്പിക്കുന്നത്. ഇടയ്ക്കിടെ നടന്നു കൊണ്ടിരിക്കുന്ന തുടർചലനങ്ങൾ കാരണം ജീവിച്ചിരിക്കുന്ന മനുഷ്യർ ഇപ്പോഴും ഭീതിയുടെ നിഴലിലാണ്. ജഡാവശിഷ്ടങ്ങൾക്കിടയിലൂടെ വലയുകയും പ്രാഥമിക ചികിത്സപോലും കിട്ടാതെ വിഷമിക്കുകയും പകർച്ച വ്യാധികൾ അടക്കമുള്ള വൻ ദുരന്തങ്ങളെ കാത്തിരിക്കുകയും ചെയ്യുന്ന ദരിദ്ര രാഷ്ട്രമായ ഹെയ്ത്തിയുടെ സഹായത്തിനായി നാം മുന്നോട്ടു വരണം. ലോകം മുഴുവനും സഹായ ഹസ്തവുമായി കടന്നു വരുമ്പോൾ നമ്മുടെ സഹോദരങ്ങളുടെ ആവശ്യങ്ങളുടെ മുൻപിൽ നമ്മൾ കണ്ണടച്ചുനിന്നു കൂടാ. "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്" എന്ന ക്രിസ്തുവിന്റെ മൊഴി ജീവിതത്തിൽ പ്രാവർത്തികമാക്കാനുള്ള അവസരങ്ങളിൽ ഒന്നാണ് ഇത്. റോമൻ കത്തോലിക്ക സഭയുടെ ആഗോള ജീവകാരുണ്യ വിഭാഗത്തോട് ഉടൻ രംഗത്തിറങ്ങാൻ ബെനഡിക്ട് പതിനാറാമൻ മാർപാപ്പ ആഹ്വാനം ചെയ്തതനുസരിച്ച് സീറോ മലബാർ സഭയുടെ മെത്രാൻ സിനഡ് അടിയന്തിര സഹായം എത്തിക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. സഭയുടെ ഈ ജീവകാരുണ്യ പ്രവർത്തനത്തിൽ ഓരോ ക്രൈസ്തവരും പങ്കുചേരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഒരു ദിവസത്തെ വേതനമെങ്കിലും ഔദാര്യപൂർവ്വം നിങ്ങൾ ഇതിനായി മാറ്റിവയ്ക്കണം. നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും ഒരു ഞായറാഴ്ചയിലെ പിരിവ് ഈ നിയോഗത്തിനായി എടുത്ത് പണം ഫെബ്രുവരി 28-ാം തിയ്യതിക്കുള്ളിൽ രൂപതയിൽ ഏല്പിക്കുവാൻ ബഹു. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുക. രൂപതയിലെ എല്ലാ സ്ഥാപനങ്ങളും ആത്മാർത്ഥമായി ഈ ജീവകാരുണ്യ പ്രവർത്തനത്തിൽ പ്രത്യേകം സഹകരിക്കണമെന്ന് ഞാൻ ഓർമ്മിപ്പിക്കുന്നു.

ഇരിങ്ങാലക്കുട — **മാർ ജെയിംസ് പഴയാറ്റിൽ**

25. 01. 2010 — ഇരിങ്ങാലക്കുട രൂപത മെത്രാൻ

NB:- ഈ ആഹ്വാനം ഫെബ്രുവരി 7 ഞായറാഴ്ച കുർബാനമധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. ✠ J.P.

156/10
25/01/2010

# ഇടയലേഖനം

*ദൈവകൃപയാലും പരി. സിംഹാസനത്തിൻ അനുഗ്രഹത്താലും ഇരിങ്ങാലക്കുട രൂപതയുടെ മെത്രാൻ. രൂപതയിലെ ബഹു. വികാരിയച്ചന്മാർക്കും മറ്റു വൈദികർക്കും സന്യാസിനീ സന്യാസികൾക്കും വിശ്വാസികൾക്കും ആശിർവ്വാദം.*

---

*യേശുവിൽ പ്രിയ ബഹു. വൈദികരേ, സന്യാസിനീസന്യാസികളേ, പ്രിയ മക്കളേ,*

"മനുഷ്യവർഗ്ഗം ഇന്ന് ചരിത്രത്തിന്റെ ഒരു പുത്തൻ കാലഘട്ടത്തിലൂടെ നീങ്ങിക്കൊണ്ടിരിക്കുകയാണ്. അവഗാഢവും അതിശീഘ്രവുമായ പരിവർത്തനങ്ങളാണ് ലോകമെങ്ങും പടിപടിയായി സംഭവിച്ചുകൊണ്ടിരിക്കുന്നത്. മനുഷ്യന്റെ ബുദ്ധിവൈഭവത്താലും സൃഷ്ടിപരമായ യത്നങ്ങളാലും ഉജ്ജ്വലമായ ഈ പരിണാമങ്ങൾ മനുഷ്യനിലും അവന്റെ തീരുമാനങ്ങളിലും വ്യക്തിപരവും സംഘാതവുമായ അവന്റെ അഭിലാഷങ്ങളിലും പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതുപോലെതന്നെ മനുഷ്യരെയും വസ്തു[redacted] ചിന്താരീതികളിലും പ്രവർത്തനശൈലിക[redacted] ടമാണുതാനും. ഇക്കാരണത്താൽ മനുഷ്യന്റെ മതാത്മകജീവിതത്തിലും ഉളവാകുന്ന സാമൂഹ്യവും സാംസ്ക്കാരികവുമായ പരിവർത്തനങ്ങൾ നമ്മുടെ ചർച്ചാവിഷയമാക്കേണ്ടതാണ്(സഭ ആധുനികലോകത്തിൽ 4.)

സമാകാലീനസമൂഹം ഒരു ഭാഗത്തു സമ്പത്തിലും വിഭവങ്ങളിലും ധനശേഷിയിലും വളരുമ്പോഴും മറുഭാഗത്ത് സിംഹഭാഗവും പട്ടിണിയും പരിവട്ടവുമായി കഴിയുന്നുണ്ടെന്നുള്ള യാഥാർത്ഥ്യം വിസ്മരിക്കാൻ സാധ്യമല്ല. വളർച്ചയുടെയും തളർച്ചയുടെയും ഈ കാലഘട്ടത്തിൽ മനുഷ്യസമൂഹത്തെ ഗ്രസിച്ചിരിക്കുന്ന മാരകമായ വിപത്തുകളായ മദ്യം, മയക്കുമരുന്ന്, പുകവലി എന്നിവയിലേക്ക് നിങ്ങളുടെ സത്വരശ്രദ്ധ ഞാൻ ക്ഷണിക്കുന്നു.

ഈ അടുത്ത നാളുകളിൽ കേരളത്തിൽ, പ്രത്യേകിച്ച് നമ്മുടെ ഇരിങ്ങാലക്കുട രൂപതാതിർത്തിക്കുള്ളിൽ നമ്മെയൊക്കെ അതിശയിപ്പിക്കുകയും ഞെട്ടിപ്പിക്കുകയും ചെയ്യുന്നൊരു യാഥാർത്ഥ്യമാണ് ഈ ലേഖനമെഴുതുവാൻ എന്നെ പ്രേരിപ്പിക്കുന്നത്. ക്രിസ്തുമസ്സിനും പുതുവത്സരത്തിനും ശേഷമുള്ള പത്രങ്ങളിൽ നാം ഇത് മനസ്സിലാക്കിയതാണ്. ലോകത്തിൽ ഏറ്റവും കൂടുതൽ മദ്യം വിറ്റഴിഞ്ഞത് ചാലക്കുടിയിലും ഇരിങ്ങാലക്കുടയിലും അങ്കമാലിയിലുമാണ്.

ആഘോഷവേളകൾ ഏത് തന്നെയായാലും അതിൽ നമുക്ക് ഒന്നാം സ്ഥാനം നേടിത്തരുന്ന മദ്യവില്പനയും അതുമായി ബന്ധപ്പെട്ട ദുശ്ശീലങ്ങളെയും കുറിച്ച് ഈയവസരത്തിൽ നിങ്ങളോട് പറയുക ഉചിതമെന്ന് ഞാൻ കരുതുന്നു. കേരളത്തിന്റെ സാംസ്ക്കാരിക തലസ്ഥാനമായ തൃശ്ശൂരിൽ ഏറ്റവും അഭ്യസ്തവിദ്യരായവർ താമസിക്കുന്ന ഇരിങ്ങാലക്കുടയും ചാലക്കുടിയും ഈ ചാപല്യത്തിന്റെ ആദ്യസ്ഥാനങ്ങൾ നേടുന്നുവെന്ന് കാണുമ്പോൾ മൂക്കത്ത് വിരൽ വെച്ച് നാം ലജ്ജിക്കേണ്ടതാണ്. പക്ഷേ ചാർത്തിക്കിട്ടിയ സ്ഥാനം നിലനിർത്താനും പൂർവ്വാധികം പരിപോഷിപ്പിക്കാനും സാധ്യമായതെല്ലാം ചിലർ ചെയ്യുന്നുവെന്ന് കാണുമ്പോൾ ഒരു വീണ്ടുവിചാരത്തിനെങ്കിലും പ്രേരിപ്പിക്കുക എന്നത് എന്റെ ധാർമ്മികമായ ഉത്തരവാദിത്വമാണ്.

ആഘോഷവേളകളിലെ ഏറ്റവും അനാവശ്യമായ ആഢംബരമാണ് മദ്യപാനമെന്ന് നാം തിരിച്ചറിയാതെ പോയി എന്നതാണ് നമ്മളാവർത്തിക്കുന്ന അപരാധം. സൗഹൃദത്തിന്റെയും കൂട്ടായ്മയുടെയും കണ്ണികൾ വിളക്കി ചേർക്കുന്നത് സോമരസത്തിന്റെ പങ്കുവയ്ക്കലിലാണെന്ന് ഏത് പാഠപുസ്തകമാണ് നമ്മെ പഠിപ്പിച്ചത്? ചങ്ങാത്തത്തിന്റെയും ഒത്തുചേരലിന്റെയും ആരവങ്ങൾക്ക്, ഗ്ലാസ്സുകളിൽ നുരഞ്ഞ്പൊന്തുന്ന ലഹരി വേണമെന്ന് കണ്ടുപിടിച്ചത് ആരാണ്? തുടക്കത്തിന്റെയും തുടർച്ചയുടെയും കാര്യകാരണങ്ങൾ തേടുന്നതിനേക്കാൾ ഈ മഹാവിപത്ത് ഒഴിവാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ആരായുന്നതല്ലേ നല്ലത്? മദ്യപാനം ഒഴിവാക്കുക എന്ന ലക്ഷ്യം നേടണമെങ്കിൽ മദ്യപാനം ശീലമാകുന്നതിന്റെ കാരണങ്ങളെയും സമൂഹത്തിൽ അവ സൃഷ്ടിക്കുന്ന മുറിവുകളെയും ഒരു പുനർവായനയ്ക്ക് വിധേയമാക്കേണ്ടതുണ്ട്. ഇത്തരമൊരു സാഹചര്യവിശകലനത്തിൽ നിന്നുകൊണ്ട് മാത്രമേ നേടിയെടുക്കേണ്ട ലക്ഷ്യത്തെയും ചെയ്തു തീർക്കേണ്ട ഉത്തരവാദിത്വങ്ങളെയും കുറിച്ച് സംസാരിക്കാനാകൂ.

പരിധിവിട്ട മദ്യപാനത്തിന്റെ കാരണങ്ങൾ തേടി ചെല്ലുമ്പോൾ നാം ആദ്യം ചെന്നെത്തുക വർത്തമാനകാലത്തിന്റെ Status symbol കളിലേക്കാണ്. ആഢംബരത്തിന്റെയും സുഖലോലുപതയുടേതുമായ കാഴ്ചകളിൽ കുടുങ്ങിപോയ മലയാളിയുടെ സ്വീകരണമുറിയിലെ വിശിഷ്ടാതിഥിയായി മദ്യം എത്തിയില്ലെങ്കിലേ അത്ഭുതപ്പെടാനുള്ളൂ. അതുകൊണ്ടു തന്നെ ആഘോഷവേളകളിലെ ഒഴിവാക്കാനാകാത്ത വിഭവമായി മദ്യം രൂപാന്ത രപ്പെട്ടു. മദ്യം വിളമ്പുന്നതും കഴിക്കുന്നതും ഒരു സമൂഹത്തിന്റെ Status symbol ആക്കി മാറ്റുന്നതിൽ സിനിമപോലുള്ള വിനോദോപാധികൾക്ക് പ്രധാന പങ്കുണ്ട്. തങ്ങളുടെ പ്രിയപ്പെട്ട സിനിമാനായകനെ അനുകരിക്കാനുള്ള ആവേശത്തിൽ കൈമാറ്റം ചെയ്യപ്പെ

ക്കൾക്കും വിവേകം നഷ്ടപ്പെടുകയും കല കച്ചവടത്തിലേക്ക് വഴിമാറുകയും ചെയ്യുമ്പോഴാണ് ഈ മൂല്യച്യുതി സംഭവിക്കുന്നത്.

സർക്കാരിന്റെ ഉദാരമായ മദ്യനയമാണ് സമൂഹത്തിൽ മദ്യപാനം വർദ്ധിക്കുന്നതിന്റെ മറ്റൊരു പ്രധാനകാരണം. ബിവറേജസ് കേർപ്പറേഷൻ വഴിയുള്ള വരുമാനത്തിലെ ക്രമാതീതമായ വർദ്ധനവ്കൊണ്ട് തന്നെ മദ്യനയം പുനഃപരിശോധിക്കാൻ സർക്കാർ മടിക്കുന്നു. വ്യക്തമായ നിയമനിർമ്മാണത്തിലൂടെയും അതിന്റെ പൂർണ്ണമായ നടപ്പാക്കലിലൂടെയും തിരിച്ചറിവ് നഷ്ടപ്പെട്ട ഒരു സമൂഹത്തിന് ദിശാബോധം നല്കുക എന്നുള്ളതാണ് മനുഷ്യസ്നേഹിയായ ഒരു സർക്കാർ ചെയ്യേണ്ടത്. പക്ഷേ നേട്ടങ്ങളുടെയും ലാഭങ്ങളുടെയും കണക്കുകൂട്ടലുകളിൽ മാത്രം ചുരുങ്ങിപോയ ഒരു ഗവൺമെന്റിന് എങ്ങനെ മനുഷ്യാത്മാവിനെ കണ്ടെത്താനാകും? എങ്ങനെ അവന്റെ സമഗ്രവിമോചനം സാദ്ധ്യമാക്കാനാകും? പണമാണ് മനുഷ്യനേക്കാൾ വലുതെന്ന് രാഷ്ട്രമീമാംസകളും പ്രത്യയശാസ്ത്രങ്ങളും കരുതിന്നിടത്തോളം കാലം മനുഷ്യനെ ദാരിദ്ര്യത്തിലേക്കും അരക്ഷിതാവസ്ഥയിലേക്കും തള്ളിവിടുന്ന മദ്യമെന്ന മഹാവിപത്ത് പരിഹരിക്കാതെ, അതിൽനിന്നുള്ള ലാഭംകൊണ്ട് വികസനം സുസാധ്യമാക്കാമെന്ന പമ്പരവിഡ്ഢിത്തം ആവർത്തിച്ച്കൊണ്ടിരിക്കും. [redacted] ടനയുഗത്തിലെന്ന് അഭിമാനിക്കുന്ന നമ്മ[redacted] ച്ചറിയാതെപോകുമ്പോൾ ഒരു സമൂഹത്തിന്റെ [redacted] നിലനില്പിനെ അപകടപ്പെടുത്തുകയാണ് ചെയ്യുന്നത്. ഒരു തലമുറയെ വഴിതെറ്റിക്കുന്നതിൽ നിർണ്ണായകപങ്ക് വഹിച്ചുവെന്ന കുപ്രസിദ്ധിയായിരിക്കും ഇത്തരം സർക്കാരുകളുടെ ചരിത്രശേഷിപ്പ്.

അദ്ധ്വാനത്തെ അനായാസകരവും ലളിതവുമാക്കാൻ മദ്യത്തിന് കഴിയുമെന്ന മിഥ്യാധാരണയാണ് കൂലിവേലക്കാരെ ഇതിലേക്ക് കൂടുതൽ അടുപ്പിക്കുന്നത്. മദ്യത്തിന്റെ ലഹരിയിൽ ജോലി ഭാരം അറിയാതെ പോകുമ്പോൾ ആത്യന്തികമായി ഇത് ശരീരാരോഗ്യത്തെ ദുർബലപ്പെടുത്തുകയും കാലാന്തരത്തിൽ നിത്യരോഗികൾ ആക്കിതീർക്കുകയുമാണ് ചെയ്യുന്നത് എന്ന് തിരിച്ചറിയുമ്പോഴേക്കും തിരിച്ചുവരാനാകാത്ത ഒരു നിലയിലേക്ക് നമ്മൾ എത്തിച്ചേർന്നിട്ടുണ്ടാകാം. നൈമിഷികസന്തോഷങ്ങളെ നിത്യമായ വലിയ സന്തോഷങ്ങൾക്കുവേണ്ടി മാറ്റിവയ്ക്കുക എന്ന പ്രായോഗികമായ ആത്മീയചിന്ത കരുപിടിപ്പിക്കുകതന്നെയാണ് ഇവിടെ കരണീയമായിട്ടുള്ളത്.

ജീവിതത്തിലെ പ്രതികൂലസാഹചര്യങ്ങളോട് വിവേകപൂർവ്വം പ്രതികരിക്കാനാകാതെവരുമ്പോൾ എല്ലാം മറക്കാനെന്ന വ്യാജേന മദ്യപാനം ശീലമാക്കുന്നവരുമുണ്ട്. പ്രതിബന്ധങ്ങളിൽ തളർന്നു പോകുന്ന

ഇത്തരം ഒളിച്ചോട്ടക്കാർ എത്തിപ്പെടുന്നത് സമ്പൂർണ്ണമായ നിരാശയി ലേക്കോ ആത്മഹത്യയിലേക്കോ ആണ്. ജീവിതയാഥാർത്ഥ്യങ്ങളെ ആത്മാർത്ഥത യോടെയും ധീരതയോടെയും നേരിടാനുള്ള കഴിവും ശക്തിയും ആർജ്ജിക്കുന്നതിന് പകരം ഇത്തരം ഒളിച്ചോട്ടങ്ങൾക്ക്, ലഹരി പകരുന്ന മറവികൾക്ക് വിധേയമാകുമ്പോൾ ഉത്തരവാദിത്വമുള്ള ഒരു തലമുറയെയാണ് നാം നഷ്ടപ്പെടുത്തുന്നത്.

ചങ്ങാതിമാരുടെ ഒത്തുചേരലും മറ്റും മദ്യപാനം ആരംഭിക്കുന്ന തിനോ ശീലമാക്കുന്നതിനോ പലർക്കും ഇടവരുത്തുന്നുണ്ട് എന്നതാണ് സത്യം. കൂട്ടുകാരോടൊപ്പം സമയം പങ്കിടുമ്പോൾ വെറുമൊരു നേര മ്പോക്കിനുവേണ്ടി ആരംഭിച്ച് ഒരിക്കലുമൊഴിവാക്കാനാവാത്ത ഒരു ദുരന്തത്തിലേക്ക് മനുഷ്യരെ എത്തിക്കുന്ന കാഴ്ചയും നമ്മൾ നിത്യേന കാണുന്നുണ്ട്. തോളോട് തോൾ ചേർന്ന് നടക്കുന്നതും ദുശ്ശീലങ്ങളിൽ പങ്ക് പറ്റുന്നതും സൗഹൃദത്തിന്റെ ഭാവങ്ങളാണെന്ന് നമ്മൾ വെറുതെ തെറ്റിധരിച്ചതാണ്. ദുഃഖത്തിലും വേദനയിലും പങ്കുചേരുകയും നന്മ യിലേക്ക് വഴിനടത്തുകയും ചെയ്യുമ്പോഴേ സൗഹൃദം അതിന്റെ ലക്ഷ്യ ത്തിലെത്തുന്നുള്ളൂ.

മദ്യപാനം ആരംഭിക്കുന്നതിനും ശീലമാക്കുന്നതിനും വളർത്തു ന്നതിനും ഒരുവനെ പ്രേരിപ്പിക്കുന്ന സമകാലീനസാഹചര്യങ്ങളാണ് നാം ഇതുവരെ വിലയിരുത്തിയത്. മദ്യപാനത്തിന് അടിപ്പെട്ട ഒരു വ്യക്തി കുടുബത്തിലും സമൂഹത്തിലും സൃഷ്ടിക്കുന്ന മുറിവുകളാണ് ഇനി നാം കാണുക. വ്യക്തിപരമായ കാഴ്ചപ്പാടുകളിലൂടെ നോക്കുമ്പോൾ മദ്യപാനം ഒരു വ്യക്തിയുടെ വിചാരത്തെയും വിവേകത്തെയും സാമാ ന്യബുദ്ധിയെയും കീഴ്പ്പെടുത്തുന്നതായി കാണാം. അതുകൊണ്ട്തന്നെ വ്യക്തമായി ചിന്തിക്കാനോ സംസാരിക്കാനോ പ്രവർത്തിക്കാനോ മദ്യ പാനിക്ക് കഴിയുന്നില്ല. പക്വമായി ചിന്തിക്കാനുള്ള കഴിവ് നഷ്ടപ്പെടു ന്നതുകൊണ്ട് ലഹരിയുടെ തോത് അനുസരിച്ച് ഏത് തെറ്റായജീവിത ശൈലി സ്വീകരിക്കുവാനും ഇക്കൂട്ടർ മുതിരും.

രണ്ടാമതായി, ഇത് കുടുംബബന്ധങ്ങളെ തകർക്കുകയും സാമൂ ഹ്യനിലനില്പിനെ തകിടം മറിക്കുകയും ചെയ്യുന്നു. വ്യക്തിബന്ധ ങ്ങളെ താറുമാറാക്കുകയും സംതൃപ്തമായ കുടുംബജീവിതം അസാ ദ്ധ്യമാക്കുകയും ചെയ്യുന്നതുകൊണ്ട് ഇത്തരം ഭവനങ്ങളിൽ വളരുന്ന കുട്ടികളുടെ മൂല്യബോധത്തെയും മാനസികവളർച്ചയേയും ഇതു പ്രതി കൂലമായി ബാധിക്കുന്നു.

മൂന്നാമതായി, മദ്യപാനത്തിന്റെ കൂടപിറപ്പാണ് അക്രമവാസന. കുടുംബങ്ങളിൽ അരങ്ങേറുന്ന പീഢനങ്ങളിൽ ഭൂരിഭാഗവവും മദ്യപാ നത്തിന്റെ അനന്തരഫലമാണ്. വല്ലാത്ത ഒരു അരക്ഷിതാവസ്ഥയിൽ ജീവിതം ജീവിച്ച് തീർക്കേണ്ടിവരുന്ന അമ്മമാരുടേയും കുട്ടികളുടെയും കണ്ണീരിന് മദ്യവില്പനയിൽനിന്ന് കിട്ടുന്ന ലാഭവിഹിതത്തേക്കാൾ വില

ടുന്ന മൂല്യങ്ങളെക്കുറിച്ച് നാം ബോധവാന്മാരായേ തീരൂ. സംവിധായ കർക്കും നിർമ്മാതായിില്ലെന്ന് വരുന്നത് സംസ്ക്കാരസമ്പന്നമായ ഒരു ജനതയ്ക്ക് അപമാനകരമാണ്. ആഘോഷവേളകളിൽ അരങ്ങേറുന്ന അക്രമസംഭവങ്ങളുടെയും റോഡപകടങ്ങളുടെയും പിന്നാമ്പുറകാര ണവും മദ്യപാനം തന്നെയാണ്.

അവസാനമായി, മദ്യപാനം കുടുംബത്തെ പട്ടിണിയിലേക്കും ദാരിദ്ര്യത്തിലേയ്ക്കും തള്ളിവിടുന്നു. സമ്പാദിക്കുന്ന പണവും വീട്ടിലെ വസ്തുവകകളും മദ്യപാനത്തിനായി വിറ്റുതുലയ്ക്കുമ്പോൾ വിശപ്പട ക്കാൻ പാടുപെടുന്നത് വീടുകളിൽ ശേഷിക്കുന്നവരാണ്. മദ്യത്തിനും മയക്കു മരുന്നിനും അടിമപ്പെടുന്നവരിൽ ചിലർ പണത്തിനുവേണ്ടി മോഷണമുൾപ്പെടെ ഏത് ഹീനകൃത്യവും ചെയ്യാൻ മുതിരുന്നു എന്ന റിയുമ്പോഴാണ് ഇതിന്റെ ഭീകരത നാം മനസ്സിലാക്കുന്നത്.

ചുരുക്കത്തിൽ, നന്മയെന്ന് അവകാശപ്പെടാൻ ഒരു തരിപോലും ഇത് അവശേഷിപ്പിക്കുന്നില്ല. എന്നിട്ടും ഇതിനെതിരേ നിലകൊള്ളാനോ നിലപാടെടുക്കാനോ നമ്മളും നമ്മുടെ അധികാരികളും തയ്യാറാകുന്നില്ല എന്നതാണ് ഇതിലെ സങ്കടകരമായ കാഴ്ച. വ്യവസ്ഥാപിതവും വ്യക്ത്യാധിഷ്ഠിതവുമായ ചില ശക്തമായ തീരുമാനങ്ങൾകൊണ്ടേ ഈ ദുശ്ശീലത്തെ നമ്മുക്ക് മറികടക്കാനാകൂ. മദ്യം ഉണ്ടാക്കുകയോ വില്ക്കു കയോ ഉപയോഗിക്കുകയോ ചെയ്യില്ലെന്ന വ്യക്തിപരമായ തീരുമാന മാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. മാനസികമായ ഒരുക്കത്തോടും സ്വതന്ത്രമായ മനസ്സോടെയുമുള്ള വേണ്ടെന്ന് വയ്ക്കലുകൾക്കേ നില നില്പ് ഉണ്ടാകൂ. രണ്ടാമ തായി, മനഃസ്ഥിതിക്കൊപ്പം വ്യവസ്ഥിതിക ളിലും മാറ്റങ്ങൾ വരണം. പൂർണ്ണമായ മദ്യനിരോധനം നടപ്പിൽ വരു ത്താൻ സർക്കാർ സർവാത്മനാ ശ്രമിക്കണം. മദ്യം ഉണ്ടാക്കുന്നതും വില്ക്കുന്നതും തടയാൻ സർക്കാർ എപ്പോഴും സജ്ജമായിരിക്കണം. ഇത് വഴി സ്വമനസ്സാലേ മദ്യം വേണ്ടെന്ന് വയ്ക്കുന്ന ഒരാൾക്ക് അതിന് അനുകൂലമായ സാഹചര്യം കൂടെ സൃഷ്ടിക്കപ്പെടുമ്പോൾ പൂർണ്ണമായ മദ്യവിമോചനം സാധ്യമാകുന്നു. നല്ല ശീലങ്ങളിലേക്കുള്ള മാറ്റവും വളർച്ചയുമാണ് മൂന്നാമത്തേത്. നിലമൊരുക്കിയിട്ട് വിത്ത് വിതയ്ക്കാതെ വന്നാൽ അവിടെ മുമ്പത്തേക്കാളും കള പെരുകുമെന്ന് ആർക്കാണ് അറിയാൻ പാടില്ലാത്തത്. സമൂഹത്തിന് ഉപകാരപ്പെടുന്ന നല്ല ശീല ങ്ങളിലേക്ക് നമ്മുടെ സമയവും മദ്യത്തിനുവേണ്ടി നശിപ്പിച്ചിരുന്ന പണ ത്തിന്റെ ഒരു ഭാഗവും മാറ്റിവയ്ക്കുമ്പോൾ മനസ്സിന്റെ ശൂന്യത ഒഴിവാ ക്കാനാകും. പ്രാർത്ഥനാജീവിതത്തോടുള്ള ശക്തമായ ആഭിമുഖ്യമാണ് അടിസ്ഥാനപരമായ പ്രതിവിധി. ഇപ്രകാരം ക്രിസ്തുവിനോട് ചേർന്ന് നില്ക്കുകയും അവിടുന്നിൽനിന്ന് ശക്തി സംഭരിക്കുകയും ചെയ്യുക എന്നതാണ് ഏതു ദുശ്ശീലത്തേയും അകറ്റാനുള്ള പോംവഴി. പ്രാർത്ഥ നാജീവിതത്തിലെ കുറവുകളാണ് നമ്മുടെ ജീവിതത്തെ അസ്വസ്ഥമാ ക്കുന്നത്. അസ്വസ്ഥമാകുന്ന മനസ്സുകളാണ് ദുശ്ശീലങ്ങൾക്ക് വേഗം അടിപ്പെടുന്നത്. കർത്താവിന്റെ പരിപാലനയിൽ ആശ്രയിച്ച് നമുക്ക് തിരിച്ച്

വരാൻ ശ്രമിക്കാം. അങ്ങനെ ഇനിയെങ്കിലും എല്ലാ ആഘോഷവേളക ളിലും ചാർത്തികിട്ടുന്ന മദ്യവില്പനയിൽ ഒന്നാം സ്ഥാനമെന്ന ലജ്ജാ കരമായ കുപ്രസിദ്ധിയെ നമുക്ക് ഒഴിവാക്കാം. നമ്മുടെ കുടുംബങ്ങ ളിൽ സമാധാനവും സന്തോഷവും എന്നും നിറഞ്ഞ്നില്ക്കട്ടെ. നമ്മെ ശക്തിപ്പെടുത്തുന്ന കർത്താവിന്റെ കരങ്ങളെ മുറുകെപിടിച്ച് നന്മ നിറ ഞ്ഞൊരു നാളേക്ക് വേണ്ടി നമുക്ക് പരിശ്രമിക്കാം.

"മദ്യം നിന്ദ്യം മാരകല്ലോ
കഠിനം കാകോളം
മാനവഭാഗ്യം ചുട്ടുകരിയ്ക്കും
ദ്രാവക തീനാളം.
മദ്യം സ്വന്തം കൊച്ചുകുടുംബം
തച്ചുതകർത്തീടും
മഞ്ജുളകോമള മക്കളെയാകെ
പിച്ചയെടുപ്പിക്കും." എന്ന ഒരു പ്രസിദ്ധനായ വന്ദ്യവൈദികന്റെ വരികൾ ഈയവസരത്തിൽ ഓർത്തുപോകുകയാണ്. മദ്യപാനശീലം ഒരു വ്യക്തിയെ മാത്രം ബാധിക്കുന്ന പ്രശ്നമല്ല. മറിച്ച് ഇത് കുടുംബ ത്തെയും സമൂഹത്തെയും തകർച്ചയിലേക്ക് നയിക്കുന്നു. കത്തോലി ക്കാസഭയുടെ മതബോധനഗ്രന്ഥത്തിൽ സഭ നമ്മെ ഓർമ്മിപ്പിക്കുന്ന ഒരു കാര്യമുണ്ട് (CCC2290-2291). "മിതത്വം എന്ന പുണ്യം എല്ലാ തല ത്തിലുള്ള ധൂർത്തിൽനിന്നും ലഹരിവസ്തുക്കളുടെ ഉപയോഗ ത്തിൽനിന്നും ഒഴിവാകാൻ മനുഷ്യനെ പ്രേരിപ്പിക്കുന്നു. മദ്യപാനശീല മുള്ളവർ കരമാർഗ്ഗത്തിലും കടൽമാർഗ്ഗത്തിലും വായുമാർഗ്ഗത്തിലും തന്റെയും മറ്റുള്ളവരുടെയും സുരക്ഷിതത്വത്തെ വിപൽസന്ധിയിലാക്കു ന്നു. മനുഷ്യാരോഗ്യത്തെയും ജീവനെയും പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ് മദ്യത്തിന്റെ ഉപയോഗം. ധാർമ്മികനിയമത്തിനു വിപരീത മായി പ്രവർത്തിക്കുവാൻ മദ്യപാനശീലം മനുഷ്യനെ പ്രേരിപ്പിക്കുന്നു". മദ്യപാനം പ്രോത്സാഹിപ്പിക്കുന്ന വ്യക്തികൾ, സ്ഥാപനാധികാരികൾ എന്നിവർ തിന്മയുമായി വ്യക്തമായ രീതിയിൽ സഹകരിക്കുന്നുവെന്ന യാഥാർത്ഥ്യം മറക്കരുത്.

**ഓർക്കുക:** കേരളത്തിൽ ഒരു വർഷം 3500 കോടിരൂപയുടെ അരി വേണം; 10,000 കോടി രൂപയുടെ മദ്യവും. വി.ഗ്രന്ഥം പറയുന്നു: "മദ്യ പനും ഭോജന പ്രിയനും ദാരിദ്ര്യത്തിലകപ്പെടും. മദ്യം കുടിച്ചു മയങ്ങു ന്നവൻ കീറത്തുണി ഉടുക്കേണ്ടിവരും" (സുഭാ.23,21). "മദ്യപനായ തൊഴി ലാളി ഒരിക്കലും ധനവാനാകുകയില്ല" (പ്രഭാ.19,1).വി. പൗലോസ് ശ്ലീഹ നമ്മെ ഉദ്ബോധിപ്പിക്കുന്നു: "മദ്യപാനികൾ സ്വർഗ്ഗത്തിൽ പ്രവേശി ക്കുകയില്ല (ഗലാ.5,21)". രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ വാക്കുകൾ ഈയവസരത്തിൽ

ചിന്തനീയമാണ്." മനുഷ്യവംശത്തിന്മേൽ നിപതിച്ചിരിക്കുന്ന ശാപമാണ് മദ്യം. മദ്യപാനം മോഷണത്തേക്കാളും വ്യഭിചാരത്തേക്കാളും വെറുക്കപ്പെടേണ്ട തിന്മയാണ്. മദ്യത്തിൽ നിന്നുള്ള വരുമാനം പാപത്തിന്റെ കൂലിയാണ്. മദ്യപാനത്തിൽ നിന്നുള്ള കൊടിയ തിന്മയെ നേരിടാൻ മൃദുലവും സുഖകരവുമായ നയമൊന്നും പോരാ. പൂർണ്ണ മദ്യനിരോധനത്തിൽ കുറഞ്ഞ യാതൊന്നും ജനങ്ങളെ ഈ ശാപത്തിൽനിന്ന് മോചിപ്പിക്കാനുതകില്ല. ഞാൻ ഒരു മണിക്കൂർ നേരത്തേക്ക് ഇന്ത്യയുടെ സർവ്വാധിപതിയാകുന്നുവെങ്കിൽ ഇന്ത്യയിലുള്ള സർവ്വമദ്യഷാപ്പുകളും പ്രതിഫലം കൊടുക്കാതെ അടച്ചുപൂട്ടും".

നമ്മുടെ രൂപതയിൽ ആളൂർ നവചൈതന്യയും ആനന്ദപുരത്തെ സാൻജോ സദനും മദ്യപന്മാർക്ക് മോചനം നല്കുന്ന പ്രശസ്ത സ്ഥാപനങ്ങളാണെന്ന് അറിയാമല്ലോ. ഇരിങ്ങാലക്കുട മദ്യവിമുക്തരൂപതയാകാൻ നമുക്കൊരുമിച്ച് പരിശ്രമിക്കാം. ഈശോ നമ്മെ അനുഗ്രഹിക്കട്ടെ.

ഇരിങ്ങാലക്കുട **മാർ ജെയിംസ് പഴയാറ്റിൽ**

25. 01. 2010 [redacted]

NB:- ഈ ഇടയലേഖനം ഫെബ്രുവ[redacted]
എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും [redacted]

## 2010 ഫെബ്രുവരി 14 തിരുബാലസഖ്യദിനം

### കെ.സി.ബി.സി. വൊക്കേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

**ഈശോയിൽ പ്രിയ സഹോദരീസഹോദരന്മാരെ,**

ഫെബ്രുവരി 14-ന് ആഗോളസഭ തിരുബാലസഖ്യദിനമായി ആചരിക്കുകയാണല്ലോ. കുഞ്ഞുങ്ങളുടെ സമഗ്ര വളർച്ചയെ ലക്ഷ്യം വച്ച് കൊണ്ട് പ്രവർത്തിക്കുന്നതും ആഗോളകത്തോലിക്കാ സഭ മുഴുവൻ വ്യാപിച്ചു കിടക്കുന്നതുമായ കുട്ടികളുടെ സംഘടനയാണ് തിരുബാലസഖ്യം. 1843-ൽ ഫ്രാൻസിലെ നാൻസി രൂപതയിൽ മെത്രാനായിരുന്ന ബിഷപ്പ് ചാൾസ് ഡി ഫോർബിൻ ജാക്സൺ ആണ് തിരുബാലസഖ്യത്തിന്റെ സ്ഥാപകൻ. 1922 ൽ പത്താം പീയൂസ് മാർപ്പാപ്പ ഈ സംഘടനയെ പൊന്തിഫിക്കൽ പദവിയിലേക്ക് ഉയർത്തുകയും 1950 ൽ പതിനൊന്നാം പീയൂസ് മാർപ്പാപ്പ തിരുബാലസഖ്യദിനം സാർവ്വത്രിക സഭ മുഴുവനും ആചരിക്കുവാൻ ആഹ്വാനം ചെയ്യുകയും ചെയ്തു. എല്ലാ

വർഷവും ഫെബ്രുവരി മാസത്തിലെ 2-ാം ഞായറാഴ്ചയാണ് തിരുബാലസഖ്യദിനമായി തിരുസഭ ആചരിക്കുന്നത്. അന്നേ ദിവസം നമ്മുടെ എല്ലാ ഇടവകകളിലും തിരുബാലസഖ്യദിനം സമുചിതമായി ആചരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

കുഞ്ഞുങ്ങൾ സഭയുടെ സമ്പത്തും രാഷ്ട്രത്തിന്റെ മുതൽക്കൂട്ടുമാണ്. അവരെ ഉത്തമ പൗരൻമാരും യഥാർത്ഥ സഭാമക്കളുമായി വളർത്തുക എന്നതു ഇന്ന് വളരെ ക്ലേശപൂർണമായിരിക്കുന്നു. കുഞ്ഞുങ്ങളെ നന്മനിറഞ്ഞവരായി ഉത്തമ ദിശാബോധത്തോടെ വളർത്തുവാനുള്ള ഉത്തരവാദിത്വം എല്ലാ മാതാപിതാക്കന്മാർക്കുമുണ്ട്. നസ്രത്തിലെ തിരുക്കുടുംബമായിരിക്കണം ഈ കാര്യത്തിൽ മാതാപിതാക്കന്മാരുടെ മാതൃക. ഈശോ ദൈവത്തിന്റെയും മനുഷ്യരുടേയും പ്രീതിയിൽ വളർന്നതുപോലെ നമ്മുടെ എല്ലാ കുഞ്ഞുങ്ങളും വളർന്ന് വരണം എന്നത് പിതാവായ ദൈവത്തിന്റെ സ്വപ്നമാണ്. കുഞ്ഞുങ്ങളെ അവരുടെ ചെറുപ്രായത്തിൽ തന്നെ സഭയോടൊത്ത് ചിന്തിക്കുവാനും ജീവിക്കുവാനും നാം പ്രാപ്തരാക്കണം. അതിന് തിരുബാലസഖ്യം വഹിക്കുന്ന പങ്ക് വളരെ ശ്രദ്ധേയമാണ്.

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആശയവിനിമയ സംവിധാനങ്ങളും അവ സൃഷ്ടിക്കുന്ന മായികപ്രപഞ്ചവും കുട്ടികളിൽ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. രാഷ്ട്രീയ പാർട്ടികൾ കുഞ്ഞുമനസുകളെ അവർക്ക് അനുയോജ്യമാക്കി രൂപപ്പെടുത്തുവാൻ ശ്രമം ആരംഭിച്ചിരിക്കുന്നു. നിരീശ്വരവാദികളും സഭാവിരോധികളുമായ ഒരു തലമുറയെ വാർത്തെടുക്കുവാനുള്ള ഗൂഢശ്രമം നമ്മുടെ നാട്ടിൽ നടക്കുമ്പോൾ നമുക്ക് അത് കണ്ടില്ലെന്ന് നടിക്കാനാവില്ല. സഹനത്തിനും ത്യാഗത്തിനും സ്ഥാനം കുറഞ്ഞുവരുന്നതുകൊണ്ട് കുടുംബബന്ധങ്ങളിൽ പോലും ഉലച്ചിൽ സംഭവിക്കുന്നു. അതുകൊണ്ട് കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ മാതാപിതാക്കന്മാർ കൂടുതൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു."മകനെ ശിക്ഷണത്തിൽ വളർത്തുന്നവന് അവൻ മൂലം നന്മയുണ്ടാകും; സ്നേഹിതരുടെ മുമ്പിൽ അവനെകുറിച്ച് അഭിമാനിക്കുകയും ചെയ്യും"(പ്രഭാ. 30:2) സഭയോടൊത്ത് ചിന്തിക്കുകയും ജീവിക്കുകയും ചെയ്യുന്ന ഒരു തലമുറയ്ക്ക് ജൻമം നൽകുവാൻ തിരുബാലസഖ്യ സംഘടന ശക്തിപ്പെടുത്തുന്നതിലൂടെ സാധിക്കുമെന്നതിൽ സംശയമില്ല. സഭയെയും സഭാധികാരികളെയും സന്യാസ-പൗരോഹിത്യത്തെയും അവഹേളനാ പാത്രങ്ങളായി ചിത്രീകരിച്ച് സഭയുടെ ശക്തി കുറയ്ക്കുവാൻ ആസൂത്രിത ശ്രമങ്ങൾ നടക്കുന്നതിനെയും നിസ്സാരമായി തള്ളിക്കളയുവാനാവില്ല. ഈ പ്രതിസന്ധിയുടെ കാലഘട്ടത്തിൽ തിരുബാലസഖ്യസംഘടനയുടെ പ്രസക്തി ഏറുകയാണ്.

ആദ്യകുർബാന സ്വീകരിക്കുന്നതുവരെയാണ് കുട്ടികൾ തിരുബാലസഖ്യത്തിൽ പ്രവർത്തിക്കുന്നത്. കുഞ്ഞുങ്ങുടെ സ്വഭാവരൂപീകരണത്തിൽ പ്രധാനപ്പെട്ടയൊരു കാലയളവാണ് ബാല്യം. നമ്മുടെ നേഴ്സറികളും, എൽ.കെ.ജി, യു,കെ.ജി ക്ലാസ്സുകളും നമ്മൾ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതിന്റെ ആവശ്യകത ഞാൻ നിങ്ങളെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഉണ്ണീശോയുടെ സംരക്ഷണയിലാണ് തിരുബാലസഖ്യം പ്രവർത്തിക്കുന്നത്. പരിശുദ്ധ കന്യകമറിയം മദ്ധ്യസ്ഥയും വിശുദ്ധ യൗസേപ്പിതാവും കാവൽ മാലാഖയും ഉപമദ്ധ്യസ്ഥരുമാണ്. ഇവരുടെ ആദ്ധ്യാത്മിക സംരക്ഷണയിൽ കുഞ്ഞുങ്ങളെ വളർത്തുവാൻ തിരുബാലസഖ്യത്തിന് സാധിക്കുന്നു.

ഈ വർഷം ഫെബ്രുവരി 14-നാണ് ആഗോളസഭ തിരുബാലസഖ്യദിനമായി ആചരിക്കുന്നത്. "കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ. കുഞ്ഞുങ്ങൾ കുഞ്ഞുങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കട്ടെ" എന്നതാണ് തിരുബാലസഖ്യത്തിന്റെ ആപ്തവാക്യം. തിരുബാലസഖ്യദിനാചരണത്തിലൂടെ ലോകമെങ്ങുമുള്ള കുഞ്ഞുങ്ങൾ സാർവ്വത്രികസഭയുടെ കൂട്ടായ്മയിൽ പങ്കുചേർന്ന് പരസ്പരം സ്നേഹിച്ച് സഭയുടെ വിശ്വാസം ഏറ്റു പറയുന്നു. അന്നേ ദിവസം എല്ലാ ഇടവകകളിലും കുട്ടികൾക്കു വേണ്ടി വി.കുർബാനയും പൊതു സമ്മേളനവും റാലിയും നടത്തുവാൻ ശ്രദ്ധിക്കുമല്ലോ. തിരുബാലസഖ്യദിനമാചരിക്കുന്ന ഞായറാഴ്ചയിലെ ദിവ്യബലി മധ്യേയെടുക്കുന്ന സ്ത്രോത്രക്കാഴ്ചയും തിരുബാലസഖ്യാംഗങ്ങൾ ഭവന സന്ദർശനവും മറ്റു പരിപാടികളും വഴി ശേഖരിക്കുന്ന തുക കൂടി ലോകമെമ്പാടുമുള്ള അനാഥകുഞ്ഞുങ്ങളുടെ സംരക്ഷണത്തിനും അവരുടെ വിദ്യാഭ്യാസത്തിനുമായി നൽകുന്നതിന് ഫെബ്രുവരി 28-ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുമല്ലോ

നമ്മുടെ ഇടവകകളിലെ 12 വയസിൽ താഴെ പ്രായമുള്ള എല്ലാ കത്തോലിക്കാ ബാലികാബാലന്മാരും ഈ സംഘടനയിൽ അംഗങ്ങളായി ഒന്നിച്ച് പ്രവർത്തിച്ച് ഉണ്ണീശോയുടെ കൂട്ടുകാരായി തീരണമെന്നതാണ് സഭയുടെ ആഗ്രഹം. അതിനായി ആത്മാർത്ഥമായി പ്രവർത്തിക്കുന്ന രൂപത ഫെറോന ഇടവകാ പ്രവർത്തകരും ബഹുമാനപ്പെട്ട വികാരിയച്ചന്മാരും ആനിമേറ്റേഴ്സും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. തിരുബാലസഖ്യാംഗങ്ങൾക്ക് ഇടവക, ഫെറോന, രൂപതാതല പരിപാടികൾ ആസൂത്രണം ചെയ്യുവാൻ എല്ലാ രൂപതാ ഡയറക്ടർമാരും ശ്രദ്ധിക്കേണ്ടതാണ്. സെമിനാറുകൾ, ധ്യാനങ്ങൾ, കലാമത്സരങ്ങൾ മുതലായവ നടത്താവുന്നതാണ്. എല്ലാ ഇടവകകളിലും ഒരു സിസ്റ്ററിനെ തിരുബാലസഖ്യ ആനിമേറ്ററായി നിയമിക്കുന്നത് ഉചിതമാണ്. ഇടവകയിൽ ആഴ്ചയിൽ

ഒരു ദിവസം തിരുബാലസഖ്യാംഗങ്ങൾ ആനിമേറ്ററിന്റെ നേതൃത്വത്തിൽ ഒന്നിച്ചു കൂടി പ്രാർത്ഥന നടത്തേണ്ടതും ദൈവവചനം പഠിക്കുകയും വിശുദ്ധരെ പരിചയപ്പെടുകയും ചെയ്യേണ്ടതാണ്. . അങ്ങനെ ഭാവിസമൂഹത്തിന് നമുക്ക് അടിത്തറ പണിയാം.

പ്രിയപ്പെട്ട കുഞ്ഞുങ്ങളെ, നിങ്ങളെ എല്ലാവരെയും ഞാൻ ഉണ്ണിശോയ്ക്ക് സമർപ്പിക്കുന്നു. ബാലനായ ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നതു പോലെ, ഈശോയെ അറിഞ്ഞ് സ്നേഹിച്ച് അവിടുത്തോടൊപ്പം വളരുവാൻ നിങ്ങൾക്ക് സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട്

സ്നേഹാശംസകളോടെ,

**പി.ഒ.സി., കൊച്ചി** **ബിഷപ്പ് ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ്**

09.01.2010 ചെയർമാൻ, കെ.സി.ബി.സി.

വൊക്കേഷൻ കമ്മീഷൻ

NB: ഈ സർക്കുലർ ഫെബ്രുവരി 21 ഞായറാഴ്ച പള്ളികളിൽ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.


**ജീസസ്സ് ട്രെയിനിംഗ് കോളേജ്, മാള**

**2010 – 2011 പ്രവേശനം**

മാള, ജീസസ്സ് ട്രെയിനിംഗ് കോളേജിൽ 2010 – 2011 അധ്യയനവർഷം അധ്യാപനപരിശീലനം നേടാൻ ആഗ്രഹിക്കുന്ന ബിരുദ/ബിരുദാനന്തര വിദ്യാർത്ഥികൾ ബി. എഡ് കോളേജ് പ്രിൻസിപ്പലിനെ കണ്ട് സംസാരിച്ചതിനുശേഷം, ഇരിങ്ങാലക്കുട ബിഷപ്സ് ഹൗസിൽ താമസിക്കുന്ന മാനേജർ, മോൺ. വിൻസന്റ് ആലപ്പാട്ടിന്റെ അടുത്ത് പേരുകൾ റജിസ്റ്റർ ചെയ്യുക. അവരെ മാത്രമേ മാനേജ്മെന്റിലെ 50% സീറ്റിൽ പ്രവേശനത്തിന് പരിഗണിക്കൂ.

കൂടുതൽ വിവരങ്ങൾക്ക്:

**ഫാ. ജോർജ്ജ് പാലമറ്റം**
പ്രിൻസിപ്പാൾ
ജീസസ്സ് ട്രെയിനിംഗ് കോളേജ്, മാള
ഫോൺ:9946245845
0480 2897677
0480 2786828

# ലോകരോഗീദിനസന്ദേശം - 2010 ഫെബ്രുവരി 11

### 18-ാമത് ലോകരോഗീദിനത്തോടനുബന്ധിച്ച് പരിശുദ്ധപിതാവ് ബെനഡിക്ട് പതിനാറാമൻ നല്കുന്ന സന്ദേശം

2010 ഫെബ്രുവരി 11-ന് ലൂർദ് മാതാവിന്റെ തിരുനാൾ ദിനത്തിൽ വത്തിക്കാനിൽ വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽവച്ച് 18-ാമത് ലോക രോഗീദിനം ആചരിക്കുകയാണ്. ലോകമെമ്പാടുമുള്ള ആരോഗ്യപരിരക്ഷ ക്കുവേണ്ടിയുള്ള അജപാലനശുശ്രൂഷയുടെ ഭാഗമായ Institution of the Pontifical Council for Health Care Workers ന്റെ 25-ാം വാർഷികവും ഇതി നോടുചേർന്നു വരുന്നുവെന്നത് ദൈവത്തിനു നന്ദിപറയാനുള്ള മറ്റൊരു കാരണമാണ്. ഈ സംഭവം രോഗീശുശ്രൂഷ ചെയ്യുന്നവർക്കും അവരെ സംരക്ഷിക്കുന്നവർക്കും കൂടുതൽ ഉദാരമായ അജപാലനശുശ്രൂഷ ചെയ്യു ന്നതിനു പ്രേരകമാകണമെന്ന് ഞാൻ ആത്മാർത്ഥമായി ആശംസിക്കുന്നു.

ആരോഗ്യപരിരക്ഷക്കുവേണ്ടിയുള്ള അജപാലന ശുശ്രൂഷയുടെ പ്രാധാന്യത്തെക്കുറിച്ച് സഭാമക്കളെ ബോധവത്ക്കരിച്ചു് സമസ്ത ലോക ത്തിനും വേണ്ടിയുള്ള സമഗ്രമായ ഒരു പ്രവർത്തനമാണ് ഈ വാർഷിക ത്തിൽ സഭ ആഗ്രഹിക്കുന്നത്. നമ്മുടെ [redacted] ത്തിൽ മുദ്രിതമായിരിക്കുന്നതിനാൽ ഈ [redacted] അവിഭാജ്യഘടകമാണ്. ക്രിസ്തു എന്ന സ്വർഗീയവൈദ്യൻ നന്മ ചെയ്തു കൊണ്ടും തിന്മയുടെ ശക്തികളാൽ അടിച്ചമർത്തപ്പെട്ടവരെ സ്വതന്ത്രരാ ക്കിക്കൊണ്ടും ചുറ്റിസ്സഞ്ചരിച്ചു (അപ്പ 30/38). ക്രിസ്തുവിന്റെ പീഡാനു ഭവ-ഉത്ഥാനരഹസ്യങ്ങളിൽ മനുഷ്യസഹനം അർത്ഥവും ചൈതന്യവും കണ്ടെത്തുന്നു. ഇക്കാര്യത്തെക്കുറിച്ച് ദൈവദാസനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ 'സാൽവിഫിക്ക് ഡോളോറിസ്' എന്ന തന്റെ ചാക്രിക ലേഖനത്തിലൂടെ ദൈവികജ്ഞാനം നമുക്ക് പകർന്നു നല്കുന്നു. "മനു ഷ്യസഹനം അതിന്റെ പാരമ്യത്തിലെത്തി നിൽക്കുന്നത് ക്രിസ്തുവിന്റെ പീഡാസഹനത്തിലാണ്". തുടർന്ന് അദ്ദേഹം എഴുതുന്നു: "അതേ സമയം ഇത് പൂർണമായും സ്നേഹത്താൽ ബന്ധിതമായി പുതിയ ലക്ഷ്യത്തി ലേക്കും പുതിയ മാനത്തിലേക്കും പ്രവേശിക്കുന്നു. അപ്രകാരമുള്ള സ്നേഹം നന്മയെ രൂപീകൃതമാക്കുന്നതും സഹനത്തിലൂടെ തിന്മയെ ഉൻമൂ ലനം ചെയ്യുന്നതും ക്രിസ്തുവിന്റെ കുരിശിനാൽ രക്ഷയെന്ന വലിയ ദാനത്തെ പ്രദാനം ചെയ്യുന്നതും ആ കുരുശിൽനിന്ന് നിരന്തരമായി രക്ഷ യുടെ തുടക്കം കുറിക്കുന്നതുമാണ്. ക്രിസ്തുവിന്റെ കുരിശാണ് ജീവജ ലത്തിന്റെ അരുവികൾ പുറപ്പെടുവിക്കുന്ന സ്രോതസ്സായിരിക്കുന്നത്"(n.18).

പിതാവിന്റെ പക്കലേക്ക് തിരിച്ചു പോകുന്നതിനുമുമ്പ് അവസാന അത്താഴവേളയിൽ കുരിശിലെ വലിയ സ്നേഹത്തെ മുൻകൂട്ടി പ്രകടമാ

ക്കുവാൻ ശിഷ്യൻമാരുടെ പാദങ്ങൾ കഴുകുവാനായി യേശു മുട്ടുകുത്തി. ഈ പ്രവൃത്തിയിലൂടെ സമൂഹത്തിലെ ഏറ്റവും താഴ്ന്നവർക്കും പാവപ്പെട്ടവർക്കും മാതൃകാപരമായ ഈ സ്നേഹത്തിന്റെ പുതിയ വക്താക്കളാകുവാൻ തന്റെ ശിഷ്യരെ ക്ഷണിക്കുകയും ചെയ്തു. യേശുവിന്റെ ഈ മാതൃകയെ പിന്തുടർന്ന് ഓരോ ക്രൈസ്തവനും പുതിയതും വ്യത്യസ്തവുമായ സാഹചര്യങ്ങളിൽ നല്ല സമറിയാക്കാരന്റെ ഉപമയിലെ സമരിയാക്കാരനെ അനുകരിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു. വഴിമദ്ധ്യേ അർദ്ധപ്രാണനായിക്കിടന്ന യാത്രികനെ ഈ സമരിയാക്കാരൻ കണ്ട്, മനസ്സലിഞ്ഞ്, അടുത്ത് ചെന്ന്,എണ്ണയും വീഞ്ഞുമൊഴിച്ച്, മുറിവുകൾ വച്ചുകെട്ടി, തന്റെ കഴുതയുടെ പുറത്തുകയറ്റി ഒരു സത്രത്തിൽ കൊണ്ടുചെന്ന് പരിചരിച്ചു. അടുത്ത ദിവസം സത്രംസൂക്ഷിപ്പുകാരന്റെ പക്കൽ ഒരു ദനാറ കൊടുത്തിട്ട് പറഞ്ഞു. "ഇവന്റെ കാര്യങ്ങൾ നോക്കിക്കൊള്ളണം. കൂടുതലായി എന്തെങ്കിലും ചെലവാകുന്നുവെങ്കിൽ തിരിച്ചുവരുമ്പോൾ തന്നുകൊള്ളാം" (cf. ലൂക്കാ. 10:33-35).

ഈ ഉപമയുടെ അവസാനം "നീയും പോയി അതുപോലെ ചെയ്യുക" (ലൂക്കാ. 10:37) എന്ന് യേശു പറയുന്നു. ഈ ലോകത്തിന്റെ വിശാലവീഥികളിൽ കണ്ടുമുട്ടുന്ന ശാരീരികവും മാനസികവുമായി മുറിവേറ്റ നമ്മുടെ സഹോദരങ്ങളെ ശുശ്രൂഷിക്കുവാൻ ഈശോ ഇതിലൂടെ നമ്മെ ആഹ്വാനം ചെയ്യുന്നു. നമ്മുടെ ജീവിതത്തിലുണ്ടാകുന്ന രോഗങ്ങളും സഹനങ്ങളും അംഗീകരിക്കുവാനും പ്രത്യാശയുടെ പഠനക്കളരിയായി അവയെ മാറ്റാനും ഈശോ ദൈവകൃപകൊണ്ട് നമ്മെ സഹായിക്കുന്നു. Spe Salvi എന്ന ലേഖനത്തിൽ ഞാൻ പറഞ്ഞത് ഓർക്കുക: "യാതനകളിൽ നിന്ന് ഒളിച്ചോടുകയോ വഴുതി മാറുകയോ ചെയ്യുന്നതിലൂടെയല്ല നാം സൗഖ്യപ്പെടുന്നത്, നേരെമറിച്ച് സഹനത്തെ അംഗീകരിക്കുകയും അനന്തമായ സ്നേഹത്താൽ സഹനങ്ങൾ ഏറ്റെടുത്ത ക്രിസ്തുവുമായുള്ള ഐക്യം വഴി ക്രിസ്തീയ പക്വത പ്രാപിക്കുകയും അതിന്റെ അർത്ഥം കണ്ടെത്തുകയും ചെയ്യാനുള്ള നമ്മുടെ കഴിവിലൂടെയാണ്" (cf. 37).

രണ്ടാം വത്തിക്കാൻ കൗൺസിൽ മനുഷ്യസഹനത്തിന്റെ പരിപാലനം എന്ന പ്രധാനദൗത്യത്തെക്കുറിച്ച് ശ്രദ്ധ ക്ഷണിച്ചിട്ടുള്ളതാണ്. 'ജനതകളുടെ പ്രകാശം' എന്ന പ്രമാണരേഖയിൽ നാം വായിക്കുന്നു: "യേശു പിതാവിനാൽ അയക്കപ്പെട്ടത് പാവങ്ങളെ സുവിശേഷമറിയിക്കാനും, പശ്ചാത്തപിക്കുന്നവരെ സുഖമാക്കാനും (ലൂക്കാ 4/18), നഷ്ടപ്പെട്ടവരെ അന്വേഷിച്ച് കണ്ടെത്തി രക്ഷിക്കാനുമാണ്"(ലൂക്കാ 19/10) .

ഇതുപോലെ സഭയും കഷ്ടപ്പാടുകൾ സഹിക്കുന്നവരെയെല്ലാം അവളുടെ സ്നേഹത്താൽ വലയം ചെയ്ത്, പതിതരിലും പീഡകൾ സഹിക്കുന്നവരിലും എളിമയുള്ളവനും സഹിക്കുന്നവനുമായ ക്രിസ്തുവിന്റെ രൂപം തിരിച്ചറിയുന്നു. സഭ് അവരുടെ ആവശ്യങ്ങളെ പൂർത്തിയാക്കുവാനും അവരിൽ ക്രിസ്തുവിന് ശുശ്രൂഷ ചെയ്യുവാനും കഠിന പ്രയത്നം നടത്തുന്നു (N.8). രോഗികൾക്കും പീഡിതർക്കും വേണ്ടിയുള്ള സഭയുടെ ഭൗതികവും ആത്മീയവുമായ പ്രവർത്തനങ്ങൾ നൂറ്റാണ്ടുകളായി പല രീതിയിലും ആരോഗ്യപരിരക്ഷാസംവിധാനങ്ങളിലൂടെയും വ്യവസ്ഥാപിത രൂപങ്ങളിലൂടെയും പ്രകടമാക്കിയിട്ടുണ്ട്. അതിനാൽ രൂപതാതലത്തിലും വിവിധ സന്ന്യാസസ്ഥാപനങ്ങളിലും ഇക്കാര്യങ്ങൾ നേരിട്ടു കൈകാര്യം ചെയ്തിട്ടുള്ളവരുടെ ശ്രദ്ധ ക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇത് സ്നേഹമെന്ന വസ്തുതയുമായി അനുരൂപപ്പെടാനുള്ള അമൂല്യമായ പിതൃസ്വത്താണ്. ഇത് സമൂഹത്തിനുവേണ്ടി രൂപീകൃതമായ ഒരു സേവനമാകണമെങ്കിൽ സംഘടിതമാകേണ്ടിയിരിക്കുന്നു (Encyclical Deus Caritas Est, N.20).

ആരോഗ്യപരിപാലന രംഗത്തോടുള്ള വ്യഗ്രതയ്ക്കനുസൃതമായിട്ടാണ് 25 വർഷങ്ങൾക്ക് മുൻപ് ആരോഗ്യപരിപാലന പ്രവർത്തകർക്കുവേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിൽ രൂപംകൊണ്ടത്. ഗർഭധാരണം മുതൽ സ്വാഭാവിക അന്ത്യം വരെ വിവിധ ഘട്ടങ്ങളിൽ മനുഷ്യജീവനെ കാത്തുപാലിക്കുന്ന സുവിശേഷ മൂല്യങ്ങളെ ഫലപ്രദമായി സന്നിവേശിപ്പിക്കുന്നതിന് കഴിയുന്ന സശ്രദ്ധവും ദൂരവ്യാപകവുമായ സഭാസാന്നിദ്ധ്യം രോഗിക്കരികിലും ഒപ്പം സമൂഹത്തിലും മുൻപെന്നത്തെക്കാൾ തീവ്രമായി ചരിത്രത്തിലും സംസ്കാരത്തിലും ഇന്ന് ആവശ്യകമായിരിക്കുന്നു.

ലോകത്തിന്റെ ശ്രദ്ധയെ ക്ഷണിച്ചുകൊണ്ട് പാവപ്പെട്ടവർക്കും രോഗികൾക്കും പീഡിതർക്കും വേണ്ടി രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ അവസാനം സഭാപിതാക്കന്മാർ നല്കിയ സന്ദേശത്തെ ഇവിടെ ഞാൻ ആവർത്തിക്കട്ടെ.. "കുരിശിന്റെ കനത്തഭാരം താങ്ങുന്നവരേ, ഉത്തരമില്ലാത്ത സഹനത്തിന് ഇരയായിത്തീർന്നവരേ, ധൈര്യമവലംബിക്കുവിൻ. പ്രതീക്ഷയുടെയും സന്തോഷത്തിന്റെയും ജീവന്റെതുമായ ദൈവരാജ്യത്തിൽ നിങ്ങൾക്കാണ് മുൻഗണന. നിങ്ങൾ ക്രിസ്തുവിന്റെ സഹനദാസന്മാരാണ്. അവനോടൊപ്പം പ്രവർത്തിക്കുമ്പോൾ നിങ്ങൾ ലോകത്തെ രക്ഷിക്കുന്നു" (The Documents of Vatican II. Walter M. Abbott,sj). അനുദിനം രോഗികൾക്കും പീഡിതർക്കും സേവനം ചെയ്യുന്നവർക്ക് ഞാൻ ഹൃദ്യമായി നന്ദി രേഖപ്പെടുത്തുന്നു. അതു വഴി ക്രിസ്തുവിന്റെ അപ്പസ്തോലിക കൃപ വ്യക്തികളുടെ ആഗ്രഹങ്ങൾക്കും പ്രതീക്ഷകൾക്കും

അനുസൃതമായുള്ള നല്ല ഫലം പുറപ്പെടുവിക്കാൻ ഇടവരട്ടെ (പാസ്തർ ബോനൂസ്, 152).

ഈ പുരോഹിതവർഷത്തിൽ, എന്റെ ചിന്തകൾ പ്രത്യേകമായി വൈദികരിലേക്ക് തിരിയുന്നു. പ്രിയ പുരോഹിതരേ, രോഗീശുശ്രൂഷകരേ, ക്രിസ്തുവിന്റെ അനുകമ്പയുടെ അടയാളങ്ങളും ഉപകരണങ്ങളും ആയ നിങ്ങൾ സഹനത്താൽ മുദ്രിതരായിരിക്കുന്നവരിലേക്ക് ചെല്ലുക. പ്രിയ വൈദികഗണമേ, ഞാൻ നിങ്ങളോട് പറയുന്നു, അവർക്ക് ശ്രദ്ധയും സമാശ്വാസവും നല്കാൻ കിട്ടുന്ന ഒരവസരത്തിൽ നിന്നും അകന്നു നില്ക്കാതിരിക്കുക. പരിക്ഷീണിതരായിരിക്കുന്നവർക്കു സമീപം ചെലവഴിക്കുന്ന സമയം അജപാലനശുശ്രൂഷയുടെ മറ്റു മാനങ്ങളിലും കൃപയുടെ ഫലങ്ങൾ പുറപ്പെടുവിക്കാതിരിക്കില്ല. രോഗത്താൽ വലയുന്നവരേ, അവസാനമായി ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളുടെ സഹനങ്ങളെ വൈദികർക്കുവേണ്ടി കാഴ്ചവയ്ക്കുവിൻ. അതുവഴി അവർ അവരുടെ ദൈവവിളിയിൽ വിശ്വസ്തതാപൂർവ്വം തുടരട്ടെ. അവരുടെ ശുശ്രൂഷ സഭയുടെ മുഴുവൻ നന്മക്കുവേണ്ടിയുള്ള വലിയ ആത്മീയ ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യട്ടെ.

ഈ വിചാരങ്ങളോടെ, എല്ലാ രോഗികൾക്കും അവരെ ശുശ്രൂഷിക്കുന്നവർക്കും വേണ്ടി പരിശുദ്ധ അമ്മയോട് ഞാൻ മാധ്യസ്ഥ്യം യാചിക്കുന്നു. പൂർണ ഹൃദയത്തോടെ എന്റെ അപ്പസ്തോലികമായ ആശീർവാദം നിങ്ങൾക്കേവർക്കും നേരുകയും ചെയ്യുന്നു.

വത്തിക്കാനിൽനിന്ന്, 22 നവംബർ 2009,
ക്രിസ്തുവിന്റെ രാജത്വത്തിരുന്നാളിനോടനുബന്ധിച്ച്
**ബെനഡിക്ട് 16-ാമൻ മാർപാപ്പ**

NB: ഈ സന്ദേശം ഫെബ്രുവരി 28 ഞായറാഴ്ച പള്ളികളിൽ കുർബാന മദ്ധ്യേ വായിക്കേണ്ടതാണ്.

## സ്മരണാഞ്ജലി

| | |
|---|---|
| റവ. ഫാ. ജോൺ ചിറയത്ത് | 17-2-1982 |
| റവ. ഫാ. പിയൂസ് തെക്കേക്കര | 04-2-1987 |
| റവ. ഫാ. ജേക്കബ് പുതുശ്ശേരി | 13-2-1994 |
| റവ. ഫാ. ആന്റണി ആലപ്പാട്ട് (Sr.) | 15-2-1994 |

# ചെന്നൈ മിഷൻ

**1. ദമ്പതീസംഗമം:** ചെന്നൈയിലെ സീറോമലബാർ സഭാംഗങ്ങൾക്കായി ആവടി സെന്റ് പീറ്റർ ദേവാലയത്തിൽ വെച്ച് ജനുവരി 10-ാം തിയതി നടത്തപ്പെട്ട ദമ്പതീസംഗമം മിഷൻ കോ-ഓഡിനേറ്റർ റവ. ഫാ. ജോസ് മാളിയേക്കൽ ഉദ്ഘാടനം ചെയ്തു. വിവിധ ഇടവകകളിൽ നിന്നായി 500-ൽ അധികം പേർ പങ്കെടുത്തു.

**2. വെഞ്ചിരിപ്പ്:** ചെന്നൈ മിഷനിൽ സതേൺ റീജിയൻ കേന്ദ്രമായ കീഴ്ക്കട്ടലൈ സേക്രഡ് ഹാർട്ട് ദേവാലയത്തിന്റെ ദശവത്സരാഘോഷത്തോടനുബന്ധിച്ച് പണിതീർത്ത കാറ്റക്കെറ്റിക്കൽ ഹാളിന്റെ വെഞ്ചിരിപ്പ്കർമ്മം ജനുവരി 10-ാം തിയ്യതി ചെങ്കൽപ്പട്ട് രൂപതാദ്ധ്യക്ഷനായ റൈറ്റ് റവ. ഡോ. നീതിനാഥൻ പിതാവ് നിർവ്വഹിച്ചു. ഇരിങ്ങാലക്കുട രൂപതാ വികാരി ജനറാൾ മോൺ. ഡോ. വിൻസന്റ് ആലപ്പാട്ട് ഉദ്ഘാടനം നിർവഹിച്ചു.

**3. യുവജനസംഗമം:** അയനാവരം സെന്റ് തോമസ് ഇടവകയുടെ നേതൃത്വത്തിൽ സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ വെച്ച് ജനുവരി 14,15,16 തിയതികളിൽ ശാലോം ടീമിന്റെ നേതൃത്വത്തിൽ യുവജന കൺവെൻഷൻ നടത്തി.

**4. പാസ്റ്ററൽ കൗൺസിൽ:** ഈ വർഷത്തെ പ്രഥമ പാസ്റ്ററൽ കൗൺസിൽ സമ്മേളനം ജനുവരി 24-ാം തിയ്യതി 10 മണിക്ക് അയനാവരം സെന്റ് തോമസ് പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തി. സമ്മേളനത്തിൽ മിഷൻ കോ-ഓർഡിനേറ്റർ റവ. ഫാ. ജോസ് മാളിയേക്കൽ അദ്ധ്യക്ഷത വഹിച്ചു. ജോയിന്റ് സെക്രട്ടറി ശ്രീ. ജേക്കബ്ബ് ചക്കാത്തറ റിപ്പോർട്ട് അവതരിപ്പിച്ചു. മിഷനിൽനിന്ന് നാട്ടിലേക്ക് സ്ഥലം മാറിപോകുന്ന റവ. ഫാ. തോമസ് കണ്ണമ്പിള്ളിക്കും, റവ. ഫാ. വിൻസന്റ് പണിക്കാപറമ്പിൽ സി.എം.ഐ.-യ്ക്കും, റവ. ഫാ. ഡാനി കോക്കാടൻ സി.എം.ഐ. യ്ക്കും, സമുചിതമായ യാത്രയയപ്പ് നൽകി.

**5. സുവർണ്ണ ജൂബിലി:** മിഷനിലെ ഒരു യൂണിറ്റായ എഗ്മോർ സി.എം.ഐ. ഹൗസിന്റെ സുപ്പീരിയറായ റവ. ഫാ. വിൻസന്റ് പണിക്കാപറമ്പിൽ സി.എം.ഐ. യുടെ സന്യാസവ്രതവാഗ്ദാനത്തിന്റെ സുവർണ്ണജൂബിലിയും, വാഴ്ത്തപ്പെട്ട ചാവറ കുരുയാക്കോസ് ഏലിയാസച്ചന്റെ തിരുനാളും ഫെബ്രൂവരി 7-ാം തിയ്യതി ഞായറാഴ്ച വൈകുന്നേരം 6 മണിക്ക് കളമശ്ശേരി പ്രൊവിൻഷ്യാളച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെടും.

**8. വൈദികസംഗമം:** വൈദികവർഷത്തോടനുബന്ധിച്ച് അയനാവരം ഇടവകയുടെ നേതൃത്വത്തിൽ ചെന്നൈ മിഷനിൽ പ്രവർത്തിച്ച എല്ലാ വൈദികരെയും ഉൾപ്പെടുത്തി ഫെബ്രുവരി 10-ാം തിയ്യതി ബുധനാഴ്ച വൈദികസംഗമം നടത്തുന്നു.

**ഫാ. ജോസ് മാളിയേക്കൽ,** കോ-ഓർഡിനേറ്റർ

# സ്പിരിച്വാലിറ്റി സെന്റർ

**2010 ഫെബ്രുവരി മാസത്തിലെ ശുശ്രൂഷകൾ**

1. **വിധവാസംഗമം (Wind):** 1-ാം തിയ്യതി തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 2 മണി വരെ
2. **ഏകസ്ഥരുടെ കൂട്ടായ്മ:** 2-ാം തിയ്യതി ചൊവ്വാഴ്ച രാവിലെ 10 മുതൽ 12 വരെ
3. **24 മണിക്കൂർ കുമ്പസാരം:** 4-ാം തിയ്യതി വ്യാഴാഴ്ച
4. **5,6,7 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഏകദിനധ്യാനം:** 6-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മുതൽ 4 വരെ
5. **മക്കളില്ലാത്ത ദമ്പതികളുടെ കൂട്ടായ്മ:** 7-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണി മുതൽ 12.30 വരെ
6. **8,9,10,11,12 ക്ലാസ്സുകളിലെ കുട്ടികൾക്ക് ഏകദിനധ്യാനം:** 13-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 4 വരെ
7. **ജെറീക്കോ പ്രാർത്ഥന:** 13-ാം തിയ്യതി ശനിയാഴ്ച വൈകീട്ട് 7 മണി മുതൽ 10 മണി വരെ
8. **സിസ്റ്റേഴ്സിന്റെ മാസധ്യാനം:** 20-ാം തിയ്യതി ശനിയാഴ്ച രാവിലെ 10 മണി മുതൽ 1 മണി വരെ.
9. **പ്രേഷിതരുടെ കൂട്ടായ്മ:** 25-ാം തിയ്യതി വ്യാഴാഴ്ച ഉച്ചക്ക് 2.30ന്
10. **അഖണ്ഡ ജപമാല:** 28-ാം തിയ്യതി ഞായറാഴ്ച രാവിലെ 10 മണി മുതൽ 5 മണി വരെ
11. **രോഗികളുടെയും വൃദ്ധരുടെയും സൗഹൃദസംഗമം:** എല്ലാ ചൊവ്വാഴ്ചകളിലും രാവിലെ 10 മണി മുതൽ 4 മണി വരെ
12. **വചനപ്രഘോഷണവും ആന്തരികസൗഖ്യആരാധനയും:** എല്ലാ വെള്ളിയാഴ്ചകളിലും രാവിലെ 9.30 മുതൽ 3 മണി വരെ

**ഫാ. ജോയ് തറയ്ക്കൽ**
ഡയറക്ടർ

---

# സാൻജോ സദൻ

* ഡിസംബർ മാസത്തിൽ 45 പേർ ചികിത്സ സ്വീകരിച്ച് ലഹരിവിമുക്തരായി ജീവിക്കുന്നു.

**നാളെകൾ**

* എ. എ. മീറ്റിങ്ങും അൽ അനോൺ സെമിനാറും 21/02/2010 ഞായർ 9.30 a.m മുതൽ 2.00 p.m വരെ സാൻജോ സദനിൽ.

**ഫാ. പോളി കണ്ണൂക്കാടൻ (Jr.),**
ഡയറക്ടർ

# സെന്റ് പോൾസ് മൈനർ സെമിനാരി

1. ബഹു. വിനീഷ് വട്ടോലിയച്ചൻ നയിച്ച മാസധ്യാനത്തിലൂടെ മൂന്നാം ടേമിന് തുടക്കം കുറിച്ചു.
2. 13-01-2010 ബുധനാഴ്ച നവവൈദികരോടൊപ്പം ബലിയർപ്പിച്ചു. നവ വൈദികർക്ക് ആശംസകൾ നേർന്നു.
3. ജനുവരി 26-ാം തിയ്യതി ചൊവ്വാഴ്ച പകൽ മുഴുവൻ ദിവ്യകാരുണ്യ സന്നിധിയിൽ ദൈവത്തിന് കൃതജ്ഞതയർപ്പിച്ച്, ഉപകാരികൾക്ക് വേണ്ടി പ്രാർത്ഥിച്ച്, ആരാധനാദിനമായി ആചരിച്ചു.
4. **സാമ്പത്തിക സഹായം നല്കിയവർ**
   1. A well wisher
   2. Jai Matha Adoration Convent, Irinjalakuda
   3. Mr. C.K. Benny Chakkalakkal, Meladoor
   4. Mr. C.A Cheriyakutty Chakkalakkal, Meladoor
   5. Mr. Kunjuvareed, S/o Lonappan Nereparambil, Thazhekad
   6. Mr. T.C. Francis & Family Chittilapilly Thommana, Avittathur
   7. Mrs. Annie John Pallai, Irin[redacted]
   8. St. Joseph's Church, Thuravank[redacted]
   9. Mr. Johnson Varghese Maliekal, Irinjalakuda

**ഫാ. സെബാസ്റ്റ്യൻ പഞ്ഞിക്കാരൻ**
റെക്ടർ

# പാസ്റ്ററൽ കൗൺസിൽ

പാസ്റ്ററൽ കൗൺസിലിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുക എന്നത് മുന്നോട്ടുള്ള പ്രയാണത്തിന് ഏറ്റവും ഉചിതമായിരിക്കും. ഇത് സാധ്യമാകുന്ന വിശദമായ ചർച്ചകൾക്ക് വേദി ഒരുക്കുന്ന കാര്യപരിപാടികളാണ് 11-ാം പാസ്റ്ററൽ കൗൺസിലിന്റെ 7-ാം സമ്മേളനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 2010 ഫെബ്രുവരി 12-ന് രാവിലെ 10 മണിക്ക് രൂപതാഭവനത്തിൽ നടക്കുന്ന ഈ സമ്മേളനത്തിൽ എല്ലാ അംഗങ്ങളും കൃത്യസമയത്ത് എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

**ഫാ. ആന്റോ ചുങ്കത്ത്**
സെക്രട്ടറി

# കാനൻനിയമവും അജപാലനശുശ്രൂഷയും

**മാമ്മോദീസാ രജിസ്റ്ററിൽ രേഖപ്പെടുത്തുന്ന ജനനതീയ്യതിയെക്കുറിച്ച്:**

സാധാരണയായി, മാമ്മോദീസാ നടത്തപ്പെടുന്ന സ്ഥലത്തെ വികാരി മാമ്മോദീസാ കഴിഞ്ഞാലുടൻതന്നെ മാമ്മോദീസാ രജിസ്റ്ററിൽ ടി മാമ്മോദീസായെ സംബന്ധിച്ച വിശദാംശങ്ങൾ സൂക്ഷ്മതയോടുകൂടെ രേഖപ്പെടുത്തണം; ആവശ്യപ്പെട്ടിരിക്കുന്ന എല്ലാ കോളങ്ങളും പൂർണ്ണമായും പൂരിപ്പിക്കേണ്ടതുമാണ് (cf. CCEO C. 689). മാമ്മോദീസാ രജിസ്റ്ററിൽ തെറ്റു വരുത്തുവാൻ പാടില്ല എന്ന ധ്വനി ഈ നിയമം നൽകുന്നുണ്ട്.

പാസ്പോർട്ടിലോ സ്കൂൾ സർട്ടിഫിക്കറ്റിലോ ചേർത്തു എന്നതിന്റെ പേരിൽ ഒരിക്കലും മാമ്മോദീസാ രജിസ്റ്ററിലെ ജനനതീയതി തിരുത്തുവാൻ പാടില്ല. മാമ്മോദീസാ രജിസ്റ്ററിലെ ജനനതീയതിയാണ് ശരിയായതെങ്കിൽ സ്കൂൾ സർട്ടിഫിക്കറ്റിലെ ജനനതീയതി തിരുത്തുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ടവരോട് ആവശ്യപ്പെടുക.

നമ്മുടെ നാട്ടിലെ പ്രത്യേക സാഹചര്യങ്ങളിൽ ചിലപ്പോൾ ശിശുക്കളുടെ ജനനതീയതി തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ടാവാം. ഇത് ബോദ്ധ്യപ്പെടുന്ന പക്ഷം രൂപതാമെത്രാന്റെ കാര്യാലയത്തിൽ നിന്നുള്ള രേഖാമൂലമായ കല്പനയുടെ അടിസ്ഥാനത്തിൽ മാമ്മോദീസാ രജിസ്റ്ററിൽ തിരുത്തലുകൾ വരുത്തുവാൻ അനുവദിക്കാറുണ്ട്. ടി. കല്പന ലഭിക്കണമെങ്കിൽ താഴെപറയുന്ന രേഖകൾ രൂപതാമെത്രാന്റെ പക്കൽ സമർപ്പിക്കേണ്ടതാണ്.

1. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നു ലഭിക്കുന്ന ജനനസർട്ടിഫിക്കറ്റ് : ഒരു വ്യക്തി ജനിച്ചവർഷം തന്നെ തദ്ദേശസ്വയംഭരണസ്ഥാപനത്തിലെ ജനനമരണ രജിസ്ട്രാറുടെ ഓഫീസിൽ ആ വ്യക്തിയുടെ പേര് രജിസ്റ്റർ ചെയ്യപ്പെട്ടതാണെങ്കിൽ അതിനെ ഒരു വിശ്വസനീയ രേഖയായി കണക്കാക്കും. പ്രസ്തുത സർട്ടിഫിക്കറ്റിലെ Date of Registration എന്ന കോളത്തിൽ നിന്ന് ഇക്കാര്യം മനസ്സിലാക്കാം. എന്നാൽ വ്യക്തി ജനിച്ച് കുറേവർഷം കഴിഞ്ഞാണ് ഇത്തരം രജിസ്ട്രേഷൻ നടത്തിയതെങ്കിൽ അത് വിശ്വസനീയമായ ഒരു രേഖയായി പരിഗണിക്കില്ല. ആശുപത്രികളിൽ ജനിച്ച ശിശുക്കളുടെ ജനനരജിസ്ട്രേഷൻ അടുത്തുള്ള ജനനമരണ രജിസ്ട്രാറുടെ ഓഫീസിൽ അവർതന്നെ നടത്താറുണ്ട് എന്നതിനാൽ ഈ സർട്ടിഫിക്കറ്റ് ലഭിക്കുവാൻ ബുദ്ധിമുട്ടുണ്ടാവുകയില്ല.

2. പബ്ലിക് നോട്ടറിയുടെ സാക്ഷ്യത്തോടെ സമർപ്പിക്കുന്ന സത്യവാങ്മൂലം: തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽനിന്നും ലഭിച്ചിരിക്കുന്ന

ജനനസർട്ടിഫിക്കറ്റിലെ വിവരങ്ങൾ സത്യമാണെന്ന് വ്യക്തിയുടെ മാതാപിതാക്കൾ പബ്ലിക് നോട്ടറിയുടെ മുമ്പാകെ നൽകുന്ന സത്യവാങ്മൂലം സർക്കാർ മുദ്രപത്രത്തിൽ തയ്യാറാക്കി ടി നോട്ടറിയുടെ സാക്ഷിപ്പോടുകൂടിയാണ് നൽകേണ്ടത്.

3. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയ മാമ്മോദീസാ സർട്ടിഫിക്കറ്റ്: ഇപ്പോൾ മാമ്മോദീസാ രജിസ്റ്ററിലുള്ള കാര്യങ്ങളാണ് ഇതിൽ രേഖപ്പെടുത്തേണ്ടത്.

4. രൂപതാ മുദ്രപത്രത്തിൽ അഭിവന്ദ്യപിതാവിനെ സംബോധന ചെയ്ത് വ്യക്തിയോ, വ്യക്തിയുടെ മാതാപിതാക്കളോ സമർപ്പിക്കുന്ന അപേക്ഷ: വ്യക്തിയുടെ പേരും വീട്ടുപേരും ജനനതീയതിയും മാമ്മോദീസാ തീയതിയും തലതൊട്ടവരുടെ പേരും വീട്ടുപേരും ഇടവകയും മാമ്മോദീസാ മുക്കിയ ബഹു. അച്ചന്റെ പേരും വീട്ടുപേരും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ സഹിതം ടി രജിസ്റ്ററിൽ വരുത്തേണ്ട തിരുത്തലുകൾ അനുവദിക്കണമെന്നാവശ്യപ്പെടുന്ന അപേക്ഷ ഇടവക വികാരിയുടെ സാക്ഷിപ്പോടുകൂടെ രൂപതാ കാര്യാലയത്തിൽ സമർപ്പിക്കുക. തലതൊട്ടവർ ജീവിച്ചിരിപ്പുണ്ടെങ്കിൽ ടി അപേക്ഷയിൽ അവരും ഒപ്പിടുന്നത് അഭികാമ്യമാണ്. ടി അപേക്ഷയുടെ രണ്ട് യഥാർത്ഥ പകർപ്പുകൾ ഹാജരാക്കണം.

ഇങ്ങനെ സമർപ്പിക്കപ്പെടുന്ന അപേക്ഷയും വിശ്വസനീയ രേഖകളും പരിശോധിച്ച് രൂപതാ കാര്യാലയത്തിൽനിന്ന് ലഭിക്കുന്ന അനുവാദകല്പനയുടെ നമ്പരും തീയതിയും സാരാംശവും മാമ്മോദീസാ രജിസ്റ്ററിലെ Remark കോളത്തിൽ രേഖപ്പെടുത്തേണ്ടതാണ്. തുടർന്ന് ശരിയായ മാമ്മോദീസാ സർട്ടിഫിക്കറ്റ് നൽകുന്നതിൽ തടസ്സമില്ല.

മാമ്മോദീസാ സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ചേർക്കുമ്പോൾ എന്തെങ്കിലും തെറ്റ് പറ്റിയാൽ ഉടൻതന്നെ ബഹു. വികാരി അത് തിരുത്തുകയും അതോടുചേർന്ന് sign ചെയ്യുകയും വേണം. പിന്നീടുള്ള എല്ലാ തിരുത്തലുകൾക്കും രൂപതാകാര്യാലയത്തിൽനിന്നുള്ള അനുവാദം ആവശ്യമാണ്. ആരുടെയെങ്കിലും പ്രേരണയാൽ മാമ്മോദീസാ രജിസ്റ്ററിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തി ടി വിവരങ്ങളുടെ അടിസ്ഥാനത്തിൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയ സർട്ടിഫിക്കറ്റ് നൽകുന്നത് നിയമവിരുദ്ധമാണ്. ഇത്തരം സന്ദർഭങ്ങളിൽ വഞ്ചനാകുറ്റം ചുമത്തി സിവിൽ കോടതിക്ക് ടി സർട്ടിഫിക്കറ്റ് നൽകിയിരിക്കുന്ന അധികാരിക്കെതിരെ നടപടിയെടുക്കാൻ സാധിക്കും.

രൂപതാകച്ചേരിക്കുവേണ്ടി
ചാൻസലർ

# മതബോധനം



1. **മതബോധന വാർഷിക പരീക്ഷ :** X, XI, XII ക്ലാസ്സുകളിലെ വാർഷിക പരീക്ഷ ഫെബ്രുവരി 7, ഞായർ 2 p.m.മുതൽ-4 p.m. വരെയും, VI-IX ക്ലാസ്സുകളിലെ പരീക്ഷകൾ ഫെബ്രുവരി 14, 2-4 p.m.വരെയും I-V ക്ലാസ്സുകളിലെ പരീക്ഷകൾ ഫെബ്രുവരി 21, 2-4 p.m.വരെയും ആയിരിക്കും.
2. ഫെബ്രുവരി 6 ശനിയാഴ്ച മതബോധനകേന്ദ്രത്തിൽ നിന്ന് ചോദ്യപേപ്പറുകൾ കൊണ്ടുപോകേണ്ടതും, നിശ്ചിത തിയ്യതിയിലും സമയത്തും എല്ലാ യൂണിറ്റുകളിലും പരീക്ഷ നടത്തേണ്ടതുമാണ്.
3. **X, XII വാർഷിക പരീക്ഷ നിർദ്ദേശങ്ങൾ:** X, XII ക്ലാസ്സുകളിലെ പരീക്ഷയുടെ മേൽനോട്ടം വഹിക്കുന്നതിന് ഓരോ യൂണിറ്റുകളിലേക്കും അദ്ധ്യാപകരെ നിയോഗിച്ചുകൊണ്ടുള്ള നിയമനപത്രം പള്ളികളിലേക്ക് നല്കിയിട്ടുണ്ട്. 10-ാം ക്ലാസ്സിലെ ബഹു. അദ്ധ്യാപകരെയാണ് അതിനായി തിരഞ്ഞെടുത്തിരിക്കുന്നത്. പരീക്ഷാദിനത്തിൽ നിയോഗിക്കപ്പെട്ട സ്ഥലത്തേയ്ക്ക് അദ്ദേഹത്തെ അയയ്ക്കണമെന്ന് താല്പര്യപ്പെടുന്നു. പരീക്ഷ കഴിഞ്ഞാലുടൻ രൂപതാ മതബോധനകേന്ദ്രത്തിൽ ഉത്തരകടലാസ്സുകൾ ഏല്പിക്കേണ്ടതാണ്. ഉത്തരകടലാസ്സിന്റെ ഫ്രണ്ട് ഷീറ്റിൽ മാത്രമേ രജിസ്ട്രേഷൻ നമ്പർ എഴുതേണ്ട തുള്ളൂ. മറ്റു പേജുകളിൽ പള്ളിയുടെ സീലോ, രജിസ്ട്രേഷൻ നമ്പറോ എഴുതരുത് (മേൽ നോട്ടം വഹിക്കുന്നവർക്ക് ടി. എ. നല്കുന്ന കാര്യം മറക്കരുതേ).
4. കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ്: **X, XII ക്ലാസ്സുകളിലെ** കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പിന്റെ പ്രഥമഘട്ടം ഫെബ്രുവരി 12,13,14 തിയ്യതികളിലായിരിക്കും. ഈ ക്യാമ്പിലേക്ക് മതബോധന ആനിമേറ്റേഴ്സ് ടീം അംഗങ്ങൾക്കു പുറമേ X, XII ക്ലാസ്സുകളിൽ മതബോധനം നടത്തുന്ന അദ്ധ്യാപകരേയും പ്രതീക്ഷിക്കുന്നുണ്ട്. ഇതിനായി അറിവും സമ്മതവും കഴിവുമുള്ള X, XII ക്ലാസ്സുകളിലെ അദ്ധ്യാപകരുടെ പേര് ഓരോ യൂണിറ്റിൽ നിന്നും യൂണിറ്റ് ഡയറക്ടറുമായി ആലോചിച്ച് പ്രധാന അദ്ധ്യാപകൻ ഫെബ്രുവരി 6-ന് കൺവെൻഷനുവരുമ്പോൾ കൊണ്ടുവരേണ്ടതാണ്.
5. **പ്രധാന അദ്ധ്യാപക സമ്മേളനം:** ഫെബ്രുവരി 6-ാം തിയ്യതി 10 a.m.-2 p.m. മതബോധന കേന്ദ്രത്തിൽവച്ച് നടത്തുന്ന പ്രധാനാദ്ധ്യാപക കൺവെൻഷനിൽ പ്രധാന അദ്ധ്യാപകൻ നിർബന്ധമായും സംബന്ധിക്കേണ്ടതാണ്.
6. **മതബോധന കലണ്ടറും വാർഷികപദ്ധതിയും:** അടുത്ത അദ്ധ്യയന വർഷത്തേക്കുള്ള വാർഷികപദ്ധതി തയ്യാറാക്കേണ്ട സമയമായി.

വാർഷിക പദ്ധതി തയ്യാറാക്കുമ്പോൾ പരിഗണിക്കേണ്ടതായിട്ടുള്ള പ്രായോഗിക നിർദ്ദേശങ്ങൾ യൂണിറ്റുകളിൽ ചർച്ച ചെയ്ത് മെയ്മാസത്തിലെ പ്രധാന അദ്ധ്യാപക സെമിനാറിന് വരുമ്പോൾ കൊണ്ടുവരുമല്ലോ.

7. **മതാദ്ധ്യാപകപരീക്ഷ:** മതാദ്ധ്യാപകപരീക്ഷ ഫെബ്രുവരി 28 ഞായറാഴ്ച അതാത് യൂണിറ്റുകളിൽ വെച്ച് രൂപതാകേന്ദ്രത്തിൽനിന്ന് നല്കപ്പെടുന്ന ചോദ്യ പേപ്പർ ഉപയോഗിച്ച് നടത്തേണ്ടതാണ്. സമയം 2 p.m.മുതൽ 4 p.m.വരെ. എല്ലാ മതാദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്. മൂല്യനിർണ്ണയം മതബോധനകേന്ദ്രത്തിൽവച്ച് നടത്തുന്നതിനാൽ ഉത്തരപേപ്പർ മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.
8. **മതാദ്ധ്യാപകദിനം:** 2010 ഫെബ്രുവരി 28-ാം തിയ്യതി മതാദ്ധ്യാപകദിനമായി ആചരിക്കേണ്ടതാണ്. മതാദ്ധ്യാപകർ നേതൃത്വം നല്കുന്ന ദിവ്യബലി, ചർച്ചാക്ലാസ്സുകൾ, സ്നേഹവിരുന്ന് തുടങ്ങിയവ പ്രോത്സാഹിപ്പിക്കുമല്ലോ.
9. **Intensive Catcheism:** മതബോധനവിദ്യാർത്ഥികൾക്കായി അവധിക്കാലത്ത് ഒരാഴ്ച നിണ്ടുനില്ക്കുന്ന ഇന്റെൻസീവ് കാറ്റക്കിസം നടത്തേണ്ടതാണ്. രൂപതയിലെ ശെമ്മാശ്ശന്മാരുടെ സേവനം ആവശ്യമുള്ളവർ മൈനർ സെമിനാരി റെക്ടർ അച്ചനെ സമീപിക്കുമല്ലോ.
10 **സ്കേളർഷിപ്പ് പരീക്ഷ:** സൺഡേ സ്കൂൾ, മത-സന്മാർഗ്ഗ ബോധന പരീക്ഷകളുടെ സ്കോളർഷിപ്പ് രജിസ [redacted] നടത്തേണ്ടതാണ്. സൺഡേ സ്ക്കൂൾ വേദോ [redacted] പരീക്ഷകൾ ഏപ്രിൽ 8-ാം തിയ്യതി വ്യാഴാഴ്ചയും സ്കൂൾ വേദോപദേശ- സന്മാർഗ്ഗ പരീക്ഷകൾ 10-ാം തിയ്യതി ശനിയാഴ്ചയും ആയിരിക്കും. കൂടുതൽ വിവരങ്ങൾ മതബോധനഡയറിയിൽ നിന്നും മനസ്സിലാക്കേണ്ടതാണ്.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

## ഉപരിപഠനത്തിന് സഹായം

ഏപ്രിൽ 2009 പത്താം ക്ലാസ്സിൽ പാസ്സായവരും 80%-ൽ കൂടുതൽ മാർക്ക് നേടിയവരുമായ പാവപ്പെട്ട കുട്ടികൾക്ക് ഉപരിപഠനത്തിന് സഹായം

**contact No.** 09900906338, 09986630301, 09964534667

**ഫാ. സ്റ്റീഫൻ ആലത്തറ**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ
കെ.സി.ബി.സി., പി.ഒ.സി, കൊച്ചി.

# സംഘടനാവാർത്തകൾ...

## അവാർഡ്

1 **അവാർഡ് ടീം മീറ്റീങ്ങ്:-** ജനുവരി മാസത്തിൽ നടന്ന പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുവാനും, ഫെബ്രുവരിമാസത്തിൽ ചെയ്യേണ്ട കാര്യങ്ങൾ ചർച്ചചെയ്ത് ആസൂത്രണം ചെയ്യുവാനുമായി 3-ാം തിയ്യതി ടീം മുഴുവനും അവാർഡിൽ ഒത്തുചേരുന്നു.

2 **പാർട്ടിസിപ്പേറ്ററി മോണിറ്ററിംഗ് & ഇവാലുവേഷൻ:-** ഓരോ ടീം അംഗത്തിന്റേയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും പ്രോത്സാഹനങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നല്കുകയും ചെയ്യുന്ന പ്രസ്തുത പരിപാടി 28-ാം തിയതി നടത്തപ്പെടുന്നു.

3. **ഫാമിലി ഡെവലപ്പ്മെന്റ് ഡിപ്പാർട്ട്മെന്റ്:** വിവിധ മാനസിക-കുടുംബപ്രശ്നങ്ങളുമായി വരുന്നവർക്ക് വിദഗ്ധരായ കൗൺസിലർമാരുടെ സേവനം ലഭ്യമാക്കുന്നു. സ്ക്കൂൾതല കൗൺസലിംഗിന്റെ ഭാഗമായി അത്തനാട് ഹൈസ്ക്കൂളിലും പുലക്കാട്ടുക്കര സ്ക്കൂളിലും കൗൺസലിംഗ് സൗകര്യം നടത്തുന്നുണ്ട്.

സൊസൈറ്റിതല കൗൺസലിംഗിന്റെ ഭാഗമായി കൊന്നക്കുഴി ഐശ്വര്യ സൊസൈറ്റിയിലും, മോതിരക്കണ്ണി മീഡോ സൊസൈറ്റിയിലും കൗൺസലിംഗ് നടത്തുന്നുണ്ട്.

4 **SARGA**(Specially Abled & Rehabilitated Ganams of Avard) അംഗങ്ങൾക്ക്, അവാർഡിൽ നിന്നും ഫിസിയോതെറാപ്പി പരിശീലനം സിദ്ധിച്ച 15 ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവനം ലഭ്യമാക്കുന്നു.

5 **Agriculture Department:** പുത്തുക്കാവ്- കാരത്തോട് നീർത്തട പദ്ധതികളുടെ ഭാഗമായി 2009-2010 വർഷത്തേക്കുള്ള വ്യക്തിഗത സ്ക്കീമുകൾക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു.

6. **മൈക്രോ എന്റർപ്രൈസസ് ഡിപ്പാർട്ട്മെന്റ്:-** അവാർഡ് നടപ്പിലാക്കുന്ന 6-ാം ഘട്ട ഗൃഹോപകരണപദ്ധതിയിലെ 34 ഏജന്റുമാർക്കുവേണ്ടി ഒരു ബോധവത്ക്കരണ പരിപാടി 22-ാം തിയതി നടത്തുന്നു.

**ഫാ. ലിജു പോൾ പറമ്പത്ത്**
എക്സി. ഡയറക്ടർ.

# സി.എൽ.സി.

1. തീവ്രവാദ ശക്തികൾക്കെതിരെ സമൂഹ മനസാക്ഷി ഉണരണ മെന്ന് രൂപതാ സി.എൽ.സി. നേതൃത്വ കൺവെൻഷൻ ആഹ്വാനം ചെയ്തു. ഇന്ന് ലോകം നേരിടുന്ന എറ്റവും വലിയ ഭീഷണി തീവ്ര വാദമാണെന്നും നാട്ടിൽ അരക്ഷിതാവസ്ഥ സൃഷ്ടിക്കുന്ന ഇതിനെ ഉന്മൂലനം ചെയ്യാൻ ഏവരും ഒറ്റക്കെട്ടായി രംഗത്തിറങ്ങണമെന്നും യോഗം ആവശ്യപ്പെട്ടു. തീവ്രവാദ പ്രവർത്തനങ്ങൾക്ക് സംരക്ഷണം നൽകുന്ന മതമൗലീകവാദികളെ സമൂഹം തിരിച്ചറിയണമെന്നും അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണമെന്നും യോഗം ആവ ശ്യപ്പെട്ടു. യോഗം രൂപതാ ഡയറക്ടർ ഫാ. അൻഡ്രൂസ് ചെതലൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ദീപു ജോസ് അധ്യക്ഷത വഹി ച്ചു. ദേശീയ കൺസൽട്ടന്റ് ജീയോ പോൾ കടവി, സുമി ലാസർ, ഡിസിയ ഡേവീസ് തുടങ്ങിയവർ പ്രസംഗിച്ചു. തുടർന്നു നടന്ന തെരഞ്ഞെടുപ്പു കൺവെൻഷനിൽ 2010 പ്രവർത്തന വർഷത്തെ ഭാര വാഹികളെ തെരഞ്ഞെടുത്തു. പ്രസിഡന്റ്-ലൈജു പൊട്ടത്തുപറ മ്പിൽ (പോട്ട), സെക്രട്ടറി-ജെസ്റ്റിൻ പുന്നേലിപറമ്പിൽ (വെള്ളാഞ്ചി റ), ട്രഷറർ-ബൈജു ആലപ്പാട്ട് (എടത്തിരുത്തി), വൈസ് പ്രസിഡന്റു മാർ-സിംസൻ പൗലോസ് (വാസുപുരം), ആന്റോ സ്റ്റാൻലി (പഴൂ ക്കര), ലയ ജോസഫ് (പുല്ലൂർ), ജോയിന്റ് സെക്രട്ടറിമാർ-സിറിൽ പെരേപ്പാടൻ (കുറ്റീക്കാട്), ജിസ്മി വർഗ്ഗീസ് മാമ്പിള്ളി (കത്തീഡ്രൽ, ഇരിങ്ങാലക്കുട), റോസ്മി വില്യംസ് (കല്ലേറ്റുങ്കര), ഓർഗനൈസർ -ദീപു ജോസ് (വെണ്ണൂർ), മരിയൻ പ്രയാണം ചീഫ് എഡിറ്റർ-ഷോബി കെ. പോൾ (കത്തീഡ്രൽ, ഇരിങ്ങാലക്കുട).

**2. പ്രവർത്തനോദ്ഘാടനം**

രൂപത സി.എൽ.സി. യുടെ 2010 വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ജനുവരി 31 ന് ഉച്ചയ്ക്ക് 1.30 ന് വാസുപുരം സെന്റ് ആന്റണീസ് ദോവാലയത്തിൽ നടക്കും. ഓരോ യൂണിറ്റിൽ നിന്നും 10 പേർ വീതം പങ്കെടുക്കേണ്ടതാണ്.

**ഫാ. ആൻഡ്രൂസ് ചെതലൻ**
ഡയറക്ടർ

# മാതൃസംഘം

1. **സംഗമങ്ങൾ:** ജനുവരി 16-ന് കൊടകര ഫൊറോന മാതൃസംഗമം കനകമല പള്ളിയിൽ വച്ച് നടന്നു. 340 അമ്മമാർ പങ്കെടുത്തു. ഫെബ്രുവരി 27-ന് എടത്തിരുത്തി ഫൊറോന സംഗമം കാറളം പള്ളിയിൽ വച്ച് നടക്കുന്നു.
2. **സ്നേഹസംഗമം:** രോഗവും, ശാരീരിക പരിമിതികളും, വാർദ്ധക്യവും ജീവിതത്തെ പാർശ്വവത്ക്കരിച്ച അനേകർക്കു സാന്ത്വനവും സമാധാനവും പ്രതീക്ഷയും കുടുംബവും നല്കുന്നവയാണ് നമ്മുടെ അഗതിമന്ദിരങ്ങളും വൃദ്ധ മന്ദിരങ്ങളും. ഒറ്റപ്പെടുന്നവരും ഒഴിവാക്കപ്പെടുന്നവരുമായ ഇവരെ രൂപതാ മാതൃസംഘം എല്ലാ വർഷവും ഒരുമിച്ചുകൂട്ടി "സൗഹൃദകൂട്ടായ്മ" സംഘടിപ്പിക്കാറുണ്ട്. ഈ വർഷത്തെ സ്നേഹസംഗമം ഫെബ്രുവരി 13 ശനിയാഴ്ച നടവരമ്പ് പള്ളിയിൽ വച്ച് നടത്തുന്നു. നമ്മുടെ രൂപതയിലെ എല്ലാ ധർമ്മസ്ഥാപനങ്ങളിൽ നിന്നുള്ളവരുടെയും ഈ കൂട്ടായ്മ വിജയിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
3. **ശ്രേഷ്ഠ സേവന പുരസ്ക്കാർ:** രൂപതാതിർത്തിയിലെ ധർമ്മസ്ഥാപനങ്ങളിലെ അന്തേവാസികൾക്കായ് മാതൃസംഘം എല്ലാവർഷവും സ്നേഹസംഗമം സംഘടിപ്പിക്കുന്നുണ്ട്. ഈ വർഷം മുതൽ ഈ സ്ഥാപനങ്ങളിൽ ശുശ്രൂഷ ചെയ്യുന്നവരിൽ ഏറ്റവും ശ്രേഷ്ഠമായ ശുശ്രൂഷകരിൽ ഒരാൾക്ക് "ശ്രേഷ്ഠസേവന പുരസ്ക്കാർ" നല്കി മാതൃസംഘം ആദരിക്കുന്നു. 5001 രൂപയും പ്രശംസപത്രവും മെമെന്റോയും നല്കുന്നു. ഫെബ്രുവരി 13 ശനിയാഴ്ച നടവരമ്പ് പള്ളിയിൽ വച്ച് നടക്കുന്ന സ്നേഹസംഗമത്തിൽ വച്ച് ഈ അവാർഡ് നല്കും.

**ഫാ. ജോയ് നെല്ലിശ്ശേരി**
ഡയറക്ടർ

---

# വനിതാ കമ്മീഷൻ

രൂപതയിലെ സ്ത്രീകളുടെ പ്രൊഫഷണൽ കൂട്ടായ്മയായ വനിതാ കമ്മീഷൻ നടത്തുന്ന 3-ാമത്തെ മേഖല അർദ്ധദിന സെമിനാർ ഫെബ്രുവരി 13 ശനിയാഴ്ച ചാലക്കുടി പള്ളിസ്ക്കൂൾ ഹാളിൽ ഉച്ച കഴിഞ്ഞ് 2 മുതൽ. ചാലക്കുടി, കുറ്റിക്കാട്, കൊടകര ഫൊറോനകളിൽപ്പെട്ട പള്ളികളിൽ നിന്ന് 5 പേരെ വീതം പങ്കെടുപ്പിക്കണെ.

**ഫാ. ജോയ് നെല്ലിശ്ശേരി**
ഡയറക്ടർ

# ദൈവശാസ്ത്രസെമിനാർ

## സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരി മംഗലപ്പുഴ

**2010 ഏപ്രിൽ 12 മുതൽ 15 വരെ**

വൈദികവർഷത്തോടനുബന്ധിച്ച് വൈദികരുടെ തുടർപരിശീലനവും അജപാലനശുശ്രൂഷയും ലക്ഷ്യംവച്ചുകൊണ്ട് മംഗലപ്പുഴ സെമിനാരി സംഘടിപ്പിക്കുന്ന ദൈവശാസ്ത്ര സെമിനാറിൽ പങ്കെടുക്കുവാൻ എല്ലാ വൈദികരെയും ക്ഷണിക്കുന്നു. 2010 ഏപ്രിൽ 12-ാം തിയതി വൈകീട്ട് 5 മണിക്ക് ആരംഭിച്ച് 15-ാം തിയതി 1 മണിക്ക് അവസാനിക്കും, പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വൈദികർ മാർച്ച് 15-ാം തിയതിക്കുമുൻപായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സെമിനാർ ഫീസ് 200 രൂപ. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഉദ്ഘാടനം മാർ ജേക്കബ് മനത്തോടത്ത് (സെമിനാരി കമ്മീഷൻ ചെയർമാൻ)

### മുഖ്യ വിഷയങ്ങൾ

1. നവസഭാസമൂഹങ്ങളും ബൈബിൾ വ്യാഖ്യാനങ്ങളും - ഡോ. ജോസഫ് പാമ്പ്ളാനി
2. വിശുദ്ധഗ്രന്ഥത്തിലെ ദുർഗ്രഹവചനങ്ങളും അവയുടെ വ്യാഖ്യാനങ്ങളും- ഡോ. മാത്യു വാര്യമറ്റം CST
3. ഞാറാഴ്ച പ്രസംഗങ്ങളിൽ വിശുദ്ധഗ്രന്ഥത്തിന്റെ ഉപയോഗം- ഡോ. ജോഷി മയ്യാറ്റിൽ
4. അജപാലനരംഗത്തെ വെല്ലുവിളികൾ- മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്
5. അജപാലനശുശ്രൂഷയും മാധ്യമങ്ങളും- ഡോ. ജോസഫ് പാലക്കീൽ MST
6. ക്രിസ്തു വിജ്ഞാനിയം ഭാരതീയ പശ്ചാത്തലത്തിൽ - ഡോ. ജേക്കബ് പറപ്പിള്ളി MSFS
7. മരണാനന്തരജീവിതവുമായി ബന്ധപ്പെട്ട തർക്കവിഷയങ്ങൾ- ഡോ. മൈക്കിൾ കാരിമറ്റം
8. മാറിക്കൊണ്ടിരിക്കുന്ന സമഹത്തിൽ വൈദികന്റെ തനിമ- ഡോ. സെബി ചാലയ്ക്കൽ, Pastoral Management- ഡോ. ജോസ് പോൾ ചിറമേൽ
9. നിഗൂഢവിദ്യകളും ക്രൈസ്തവ വിശ്വാസവും - ഡോ. മാത്യു ഇല്ലത്തുപറമ്പിൽ
10. Bioethicsലെ ചില നൂതന വിഷയങ്ങൾ - ഡോ. ഹോർമിസ് മൈനാട്ടി
    സമാപനസന്ദേശം : ഡോ. വർഗ്ഗീസ് പാറപ്പുറം (വിൻസൻഷ്യൻ സുപ്പീരിയർ ജനറൽ)

For registration contact : Rector, St. Joseph Pontifical Seminary
Mangalapuzha, Aluva- 683102
Tel- 2606745

Rev. Dr. Mathew Illathuparampil - 9447277299
E-mail : illathuparampil@hotmail.com
Rev. Dr. Paul Mundolickal - 9447092067 E-mail : pmundoli@gmail.com-*

## ഫാമിലി അപ്പസ്തോലേറ്റ്

1. **ദമ്പതി ദിനം:** ഫെബ്രുവരി 21 ഞായറാഴ്ച – 35 വയസിനു താഴെയുള്ള ദമ്പതികളുടെ കൂട്ടായ്മ പാക്സിൽ വച്ച് ഉച്ചകഴിഞ്ഞ് 2 മുതൽ സംഘടിപ്പിക്കുന്നു. ഒരു ഇടവകയെ പ്രതിനിധീകരിക്കുന്നതു ഓരോ ദമ്പതികളാണ്. മാതൃകാപരമായി ജീവിക്കുന്നവരും ഇടവകശുശ്രൂഷകളിൽ തത്പരരുമായ ഒരു "കപ്പിളിനെ" അയയ്ക്കുവാൻ ബഹു. വികാരിയച്ചന്മാർ സഹകരിക്കണ്ണെ.
2. **കുടുംബസമ്മേളനങ്ങൾ:** ദീപിക ദിനപത്രത്തെ പുനരുജ്ജീവിപ്പിക്കാനുള്ള സഭയുടെ പരിശ്രമങ്ങളിൽ കുടുംബസമ്മേളനങ്ങൾ പങ്കുചേരണമെന്ന കെ.സി.ബി.സി. നിർദ്ദേശമനുസരിച്ച് നമ്മുടെ രൂപതയിലെ 4 മേഖലകളിലും; ചാലക്കുടി (ചാലക്കുടി, കുറ്റിക്കാട്), മാള (മാള, അമ്പഴക്കാട്, പുത്തൻചിറ), കൊടകര (കൊടകര, പറപ്പൂക്കര), ഇരിങ്ങാലക്കുട (ഇരിങ്ങാലക്കുട, കല്പറമ്പ്, എടത്തിരുത്തി) ഇടവക കേന്ദ്രസമിതി പ്രസിഡന്റ്മാരും, എല്ലാ യൂണിറ്റ് പ്രസിഡന്റുമാരും ദീപിക ഭാരവാഹികളും ഒത്തു ചേർന്ന് ചർച്ചനടത്തുന്നു. ബന്ധപ്പെട്ട എല്ലാവരും സഹകരിക്കണ്ണെ.
3. **ഹോം മിഷൻ:** കല്ലൂർ ഇടവകയിൽ ഹോം മിഷൻ ശുശ്രൂഷ നടക്കുന്നു. ഹോം. മിഷൻ-കൗൺസിലിംങ്ങ് ടീമിന്റെ ശുശ്രൂഷ താത്പര്യമുള്ള ബഹു. വികാരിയച്ചന്മാർ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
4. **മരിയൻ പ്രോലൈഫ് മൂവ്മെന്റ്:** ഇടവകകളിൽ പ്രോലൈഫ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് സഹകരിച്ച ബഹു. വികാരിയച്ചന്മാർക്കു നന്ദി. ഇനിയും യൂണിറ്റുകൾ ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. രൂപതാ പ്രോലൈഫ് ടീമിന്റെ അടുത്ത ഉപവാസ പ്രാർത്ഥനാദിനം ഫെബ്രുവരി 12-(വെള്ളി, ശിവരാത്രി) ന് പാക്സിൽ വച്ച്.

**ഫാ. ജോയ് നെല്ലിശ്ശേരി,** ഡയറക്ടർ

---

## നവചൈതന്യ

| | | |
|---|---|---|
| ഫെബ്രുവരി: 7 | : | അനുധാവന സെമിനാർ-ആദ്യഞായർ കൂട്ടായ്മ. |
| ഫെബ്രുവരി 10 | : | പ്രാർത്ഥനാദിനം-സ്റ്റാഫ് മീറ്റിംഗ് |
| ഫെബ്രുവരി 13-20 | : | ലഹരി മോചന പരിശീലന ക്യാമ്പ് |
| ഫെബ്രുവരി 15 | : | NRF. മീറ്റിംഗ് |
| ഫെബ്രുവരി 16 | : | ലീഡേഴ്സ് & ആനിമേറ്റേഴ്സ് ട്രെയ്നിംഗ് |
| ഫെബ്രുവരി 18 | : | എഡിറ്റോറിയൽ & റിസോഴ്സ് ടീം മീറ്റിംഗ് |
| ഫെബ്രുവരി 22 | : | ഫീൽഡ് വിസിറ്റ് |
| ഫെബ്രുവരി 27 | : | റിലാപ്സ് പ്രിവെൻഷൻ ഫോളോ അപ് സെമിനാർ |

**ഫാ. വർഗ്ഗീസ് കോന്തുരുത്തി,** ഡയറക്ടർ

# കാത്തലിക് കരിസ്മാറ്റിക് റിന്യൂവൽ

**മദ്ധ്യസ്ഥ പ്രാർത്ഥനാദിനം:** ഇരിങ്ങാലക്കുട രൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ഏകദിന മദ്ധ്യസ്ഥ പ്രാർത്ഥന ഫെബ്രുവരി 1 തിങ്കളാഴ്ച രാവിലെ 10 മുതൽ 3 വരെ ആളൂർ ബി. എൽ.എം.- ൽ നടക്കുന്നു.

**വരദാനവളർച്ചാധ്യാനം:** ഇരിങ്ങാലക്കുട രൂപത കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ ആഭിമുഖ്യത്തിൽ പരിശുദ്ധാത്മാവിന്റെ വരദാനങ്ങൾക്കായുള്ള വരദാനവളർച്ചാധ്യാനം ഫെബ്രുവരി 28, മാർച്ച് 1, 2, 3, 4, 5 തിയ്യതികളിൽ ആളൂർ ബി.എൽ.എം-ൽ. ശുശ്രൂഷകൾക്ക് കൊളത്തുവയൽ ടീം നേതൃത്വം നല്കുന്നു.
വിശദവിവരങ്ങൾക്ക് : 2728406, 9349012337

**ഫാ. ആന്റോ ചുങ്കത്ത്**
ഡയറക്ടർ

# ബി.എൽ.എം.

1. **ആന്തരിക സൗഖ്യ വചനാനുഭവധ്യാനം:** ജനുവരി 31 ഞായർ മുതൽ ഫെബ്രുവരി 4 വ്യാഴം വരെ.
2. **ബി.എഡ്. കോളേജ് വിദ്യാർത്ഥികളുടെ സെമിനാർ:** ഫെബ്രുവരി 4 വ്യാഴം മുതൽ ഫെബ്രുവരി 6 ശനി വരെ.
3. **ആന്തരിക സൗഖ്യധ്യാനം:** ഫെബ്രുവരി 7 ഞായർ മുതൽ ഫെബ്രുവരി 11 വ്യാഴം വരെ.
4. **സ്നേഹപ്രത്യാശ ടീം ആന്തരികസൗഖ്യ ധ്യാനം:**ഫെബ്രുവരി 11 വ്യാഴം മുതൽ ഫെബ്രുവരി 14 ഞായർ വരെ.
5. **ആബ്ബാ അനുഭവ ആന്തരികസൗഖ്യധ്യാനം:** ഫെബ്രുവരി 14 ഞായർ മുതൽ ഫെബ്രുവരി 18 വ്യാഴം വരെ
6. **ആന്തരിക സൗഖ്യധ്യാനം:** ഫെബ്രുവരി 21 ഞായർ മുതൽ ഫെബ്രുവരി 25 വ്യാഴം വരെ.
7. **സ്നേഹപ്രത്യാശ ടീം ആന്തരിക സൗഖ്യ ധ്യാനം:** ഫെബ്രുവരി 25 വ്യാഴം മുതൽ ഫെബ്രുവരി 28 ഞായർ വരെ.
8. **കരിസ്മാറ്റിക് നവീകരണ മുന്നേറ്റം – വരദാന വളർച്ചാധ്യാനം** ഫെബ്രുവരി 28 ഞായർ മുതൽ മാർച്ച് 5 വെള്ളി വരെ.

**ഫാ. ആന്റോ ചുങ്കത്ത്**
ഡയറക്ടർ

# സോഷ്യൽ ആക്ഷൻ ഫോറം

1. 22.01.2010-ന് ഉച്ചതിരിഞ്ഞ് 2.30 ന് സോഷ്യൽ ആക്ഷൻ ഫോറം പ്രസിഡണ്ട് മോൺ. ജോസ് കാവുങ്കലിനും, അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ബിനോയ് പൊഴോലിപറമ്പിലിനും യാത്രാമംഗളങ്ങളും സ്ഥാനമേൽക്കുന്ന സോഷ്യൽ ആക്ഷൻ ഫോറം പ്രസിഡണ്ട് മോൺ. ഡോ. വിൻസന്റ് ആലപ്പാട്ടിനും, അസ്സോസിയേറ്റ് ഡയറക്ടർ ഫാ. ആന്റണി മുക്കാട്ടുകരക്കാരനും സ്വീകരണവും സോഷ്യൽ ആക്ഷൻ ഫോറം ഓഡിറ്റോറിയത്തിൽ വച്ച് നല്കി.
2. 04.02.2010 ന് രാവിലെ 10.30 ന് സോഷ്യൽ ആക്ഷൻ ഫോറം ഓഡിറ്റോറിയത്തിൽ വച്ച് 'ഗ്രാമശ്രീ' സംഘങ്ങളുടെ ഫെഡറേഷൻ തലത്തിലുള്ള നേതാക്കളുടെ (2009-2010) യോഗം, ഡയറക്ടർ ഫാ. ജോസ് പാലാട്ടിയുടെ അദ്ധ്യക്ഷതയിൽ കൂടുന്നു.

**ഫാ. ജോസ് പാലാട്ടി**
ഡയറക്ടർ

---

# പ്രത്യാശ

ഇരിങ്ങാലക്കുട രൂപതയിലെ ക്രൈസിസ് ഇന്റർവെൻഷൻ സെന്ററിന്റെ (പ്രത്യാശയുടെ) നേതൃത്വത്തിൽ ചേലൂർ മേരി ഇമ്മാക്കുലേറ്റ് പള്ളിയിൽ 2009 ഡിസംബർ 20ന് 10 മുതൽ 1 മണിവരെ വിശ്വാസ പരിശീലനവിദ്യാർത്ഥികൾക്കായ് ഡയറക്ടർ ബഹു. ജോർജ്ജ് വേഴപറമ്പിലച്ചന്റെ നേതൃത്വത്തിൽ ഒരു സെമിനാർ നടത്തുകയുണ്ടായി. മിസ്റ്റർ പൗലോസ് നരികുളം ക്ലാസ്സെടുത്തു. അഡ്വ. നോയൽ, മിസ്സിസ് ഡെയ്സി ജോസ്, പ്രൊഫ. വത്സരാജ് എന്നിവർ കുട്ടികൾക്ക് കൗൺസലിങ്ങ് നടത്തി. 50-ൽ അധികം കുട്ടികൾ പങ്കെടുത്തു. വികാരി റവ. ഡോ. ഡേവീസ് ചെങ്ങിനിയാടൻ ഇതിനുവേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തു തന്നു.

**ഫാ. ജോർജ്ജ് വേഴപറമ്പിൽ**
ഡയറക്ടർ

---

വിഭൂതിയിലെയും വലിയ ആഴ്ചയിലെയും തിരുക്കർമ്മങ്ങൾക്ക് സഭയുടെ നിർദ്ദേശമനുസരിച്ചുള്ള പുതിയ ക്രമം ഉപയോഗിക്കുവാൻ വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കുക.

- വികാരി ജനറാൾ

# PACS PROGRAMME

| | | | | |
|---|---|---|---|---|
| 1. | Pre-Cana: | February | : | 1,2,3 |
| | | March | : | 1,2,3; 8,9,10; 15,16,17; 22,23,24 |
| 2. | February | :10-14 | - | KVSB |
| | | :12 | - | Prolife Prayer Day |
| | | :18-20 | - | Sahrdaya |
| | | :18-20 | - | St. James Academy |
| | | :21 | - | Couples Day |
| | | :22-23 | - | Sacristians' Retreat |
| | | | : | 26 -KCYM Gathering |

**Fr. Joy Nellissery**, Director

**ജനുവരി 2010**

5 2.30 p.m. കൊരട്ടി ഇൻഫോ പാർക്കിൽ സഹൃദയ–ടെക് ഉദ്ഘാടനം ചെയ്തു. [redacted]

7. 10.00 a.m. രൂപതാഭവനത്തിൽ [redacted] തുടർന്ന് നവവൈദീകരുടെ സ്വീകരണസമ്മേളനത്തിലും പങ്കെടുത്തു.

11–15 കാക്കനാട് മൗണ്ട് സെ. തോമസിൽ സിനഡിൽ പങ്കെടുത്തു

16. 02.30 p.m. ചാലക്കുടി സെന്റ് ജെയിംസ് നഴ്സിങ്ങ് കോളേജിൽ Lamp lighting Ceremony ഉദ്ഘാടനം ചെയ്തു.

17. 12.05 p.m. കത്തീഡ്രൽ പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു.

18. 04.30 p.m. മോൺ. ഡോ. പോളി കണ്ണൂക്കാടൻ (sr.) അച്ചനെ രൂപതയുടെ ദ്വിതീയ മെത്രാനായി പ്രഖ്യാപിച്ചു.

---

# കെ.സി.എസ്.എൽ

കോതമംഗലം, സെന്റ് അഗസ്റ്റിൻ എച്ച്.എസ്.എസ്സ്.–ൽ വച്ചുനടന്ന 93–ാമത് സംസ്ഥാനകലാമത്സരത്തിൽ **U.P., H.S.S** വിഭാഗത്തിലും, ഓവറോൾ 2–ാം സ്ഥാനവും നമ്മുടെ രൂപതയിലെ കലാപ്രതിഭകൾ നേടുകയുണ്ടായി. മത്സരത്തിന് കുട്ടികളെ ഒരുക്കിയ ആനിമേറ്റേഴ്സിനും പ്രധാന അദ്ധ്യാപകർക്കും നന്ദി. മത്സരങ്ങളിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്ക് അനുമോദനങ്ങൾ!!! സഹകരിച്ച കെ.സി.എസ്.എൽ. കുടുംബാംഗങ്ങൾക്ക് അകൈതവമായ നന്ദി.

**ഫാ. ബിനോയ് കോഴിപ്പാട്ട്,** ഡയറക്ടർ